# e-മൊഴി

## ഡിജിറ്റൽ മാഗസിൻ



## ജി.എച്ച്.എസ്.എസ് ചെറുവാടി

# പത്രാധിപ സമിതി

## Chief Editor



*ശ്രീമതി സാവിത്രി പൊന്നൻ കണ്ടി*

## Editor



*ശ്രീ വാസുദേവൻ ഒട്ടുങ്ങാട്ട്*

## Sub Editor



*ശ്രീമതി ഹസീന*

## Layout & Designing



*ശ്രീമതി റുക്സിന*

## *DTP & PROOF READING*



*നസ്റിൻ കെ.കെ*



*ആദിത്യൻ പി.ടി*



*ഫബ്ന ടി*



*നിഖിൽ ദാസ്*

# ഉപദേശക സമിതി

1. *ശ്രീ ഉണ്ണികൃഷ്ണൻ കോട്ടമ്മൽ*
2. *ശ്രീമതി ജയലക്ഷ്മി*
3. *ശ്രീ എം. വി അബ്ദുറഹിമാൻ*
4. *ശ്രീ സബിത്ത് കുമാർ*
5. *ശ്രീ നൗഷാദ്*
6. *ശ്രീ ചന്ദ്രൻ പി*

# Table of Contents

"e-മൊഴി "......6
സന്ദേശം......7
സന്ദേശം......8
"e-മൊഴി "......9
അനാഥമാകുന്ന വാർദ്ധക്യം......10
ആരോഗ്യമുള്ള മനസ്സുണ്ടാവാൻ......12
'ഇനി നാളെ'......14
എന്റെ ആത്മകഥ......15
എന്റെ കുട്ടിക്കാലം......16
എല്ലു മുറിയെ പണിചെയ്താൽ......18
എലി......19
എസ്.കെ.പൊറ്റക്കാട്......20
എഴുത്ത്......21
എഴുത്തച്ഛൻ......22
കണ്ണീർ തുള്ളി......23
കുഞ്ഞിത്തത്ത......25
കോഴിയും കുറുക്കനും......26
ജീവിതം......27
ടീച്ചർ......28
താളം......29
നന്ദിഹാരം......30
എന്റെ ടീച്ചർ......30
പടിവാതിലുകൾക്കു മുകളിൽ......32
പറക്കാൻ കൊതിച്ചും......33
പറന്നും......33
പി.കുഞ്ഞിരാമൻ നായർ......34
പുതുമഴ......35
പ്രായശ്ചിത്തം......36
പ്രാർത്ഥന......38
മംഗ്ലീഷ്......39
കുഞ്ഞാലിമരക്കാർ......40
മഴ വരുമ്പോൾ......41
മാന്ത്രിക ഷൂസ്......42
മായാത്ത സ്വപ്നം......44
മുത്തശ്ശീം പൂച്ചേം......45
"മൊബൈൽ" കാർന്നു തിന്ന ജീവിതം......46
രാമേശ്വരം മുതൽ ധനുഷ്കോടി വരെ......47
ലിനുവിന്റെ കള്ളം......50
പ്രകൃതിയുടെ അത്യപൂർവമായ കാഴ്ച......52
വിദ്യാലയം......53

സഹൃദ തണലിൽ....54
സൂസമ്മയ്ക്കു പറ്റിയ അമളി....56
എന്റെ ഓർമ്മയിൽ....57
എന്റെ ഗ്രാമം....58
എന്തു സുന്ദരമെന്റെ ഗ്രാമം....58
ചാലിയാറിന്റെ രോദനം....59
ഒന്നുമല്ലാത്ത ജീവിതം....60
കണ്ണായിരുന്ന അമ്മ....61
നോക്കുകുത്തികൾ....62
യാത്രാമൊഴി....63
ഗണിതത്തിലെ "Symetry" എന്ന മഹാൽഭുതം....64
Asymetric Figure....65
എന്റെ രാജ്യം....66
Love you mom....67
MAN MADE HAZARDS AND....68
THEIR ENVIRONMENT IMPACT....68

# "e-മൊഴി "



*ലോകത്തിന്റെ ഉയർച്ചയും താഴ്ച്ചയും അടിസ്ഥാനം*
*മനുഷ്യ കരങ്ങളാണ്.*
*എന്നാൽ ഉയർച്ചകളിലേക്ക് മാത്രം കുതിച്ചു കൊണ്ടിരിക്കുന്ന*
*അതിനൂതന സാങ്കേതിക വിദ്യ ,*
*അപക്വമായവയെ പക്വതയിലെത്തിക്കുന്ന ലോകവിസ്മയം ,*
*ഗ്രാമൈശ്വര്യങ്ങളിൽ വരെ ചെന്നെത്തി നിൽക്കുന്ന സാങ്കേതിക വിദ്യ ,*
*"ലിറ്റിൽ കൈറ്റ്സ്"*
*വിദ്യാർത്ഥികളെ നൂതന സാങ്കേതിക വിദ്യയുടെ*
*അഭ്രപാളികളിലേക്ക് നയിക്കുന്നു.*
*ഉയർന്നു പൊങ്ങട്ടെ ലിറ്റിൽ കൈറ്റിലൂടെ*
*സുന്ദരവും നൂതനവുമായ സ്വപ്നങ്ങൾ.*

*ലിററിൽ കൈറ്റ്സ് അംഗങ്ങൾ തന്നെ ഈ സ്ഥാപനത്തിലെ കുട്ടികളിൽ നിന്നും രക്ഷാകർത്താക്കളിൽ നിന്നും അധ്യാപകരിൽ നിന്നും സൃഷ്ടികൾ സ്വീകരിച്ച് , മാഗസിൻ പ്രസിദ്ധീകരണത്തിന്റെ സാങ്കേതിക ചുമതലകളെല്ലാം സ്വയം ഏറ്റെടുത്ത് യാഥാർത്ഥ്യമാക്കിതീർത്ത ഞങ്ങളുടെ ഡിജിറ്റൽ മാഗസിൻ ആയ* ***"e-മൊഴി "*** *അഭിമാനത്തോടുകൂടി സസന്തോഷം സമർപ്പിക്കുന്നു.*

***"e-മൊഴി " യെ ആർക്കും എവിടെനിന്നും ദർശിക്കാം..... വായിക്കാം.....***

***-വാസുദേവൻ ഒട്ടുങ്ങാട്ട്***
***എഡിറ്റർ ജി.എച്ച്.എസ് ചെറുവാടി***



## സന്ദേശം

'പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ', 'എന്റെ വിദ്യാലയം മികച്ച വിദ്യാലയം' എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തികൊണ്ട് ചെറുവാടി ഗവ:ഹയർസെക്കണ്ടറി സ്കൂൾ അതിന്റെ സർവ്വോത്മുഖമായ പുരോഗതിക്കു വേണ്ടിയുള്ള അക്ഷീണ പരിശ്രമത്തിലാണ് . അതിന്റെ ഭാഗമായി ചുരുങ്ങിയ സമയത്തിനുള്ളിൽ ***"e-മൊഴി"*** ഡിജിറ്റൽ മാഗസിൻ പൂർണ്ണവിജയത്തിലേക്കെത്തിക്കുന്ന തിന് ആത്മാർത്ഥമായി പ്രവർത്തിച്ച മുഴുവൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അദ്ധ്യാപകർക്കും എല്ലാ വിധ ആശംസകളും അർപ്പിക്കുന്നതോടൊപ്പം പൊതു വിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിൽ നമുക്കൊരുമിച്ച് കൈ കോർക്കാം എന്ന് ഒരിക്കൽ കൂടി ഓർമിപ്പിക്കുന്നു.

സ്നേഹപൂർവ്വം

ഹെഡ്മിസ്ട്രസ്

***സാവിത്രി പൊന്നൻ കണ്ടി***



## സന്ദേശം

*ഇതൊരു തുടക്കം മാത്രം*
*കൊച്ചു പ്രതിഭകൾ.............*
*അവരുടെ പ്രതീക്ഷകൾ.............*
*സ്വപ്നങ്ങൾ...............*
*എല്ലാം ഇവിടെ വിരിയുന്നു.*
*ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ*

*"e-മൊഴി "*

*നൈസർഗ്ഗികതയ്ക്ക് വിരാജിക്കാൻ*
*പുതിയൊരിടം ...............*
*ഇത് വളരട്ടെ , തുടരട്ടെ..*
*എല്ലാവിധ ഭാവുകങ്ങളും നേരുന്നു*

*പ്രിൻസിപ്പാൾ*
*കോയട്ടി വി*
*ജി.എച്ച്.എസ്.എസ് ചെറുവാടി*



# "e-മൊഴി "

*ഇത് സർഗ്ഗാവിഷ്കാരത്തിന്റെ പുതുവഴി.*

*നമ്മുടെ ഭാഷയും സംസ്കാരവും,*

*നന്മകളുമൊക്കെ നഷ്ട്മകുന്ന കാലത്ത്*

*ഈ പുതുവഴി പ്രത്യാശനൽകുന്നു......*

*ഓരോരുത്തരുടേയും പ്രതിഭകളെ നമുക്ക്*

*ഇന്ന് "**e മൊഴി**" പേജിൽ കാണാം..........*

*നമ്മുടെ നൈസർഗ്ഗിക ശക്തിയെ*

*ആർക്കും എവിടെ നിന്നും ദർശിക്കാം.....*

*വായിക്കാം.......*

*ലിറ്റിൽ കൈറ്റ്സിന്റെ ഈ ഡിജിറ്റൽ മാഗസിന്*
*എല്ലാ വിധ വിജയങ്ങളും ആശംസിക്കുന്നു........................*

*ഹസീന എം*
***Sub Editor***
***ജി.എച്ച്.എസ്.എസ് ചെറുവാടി***

# അനാഥമാകുന്ന വാർദ്ധക്യം

ആധുനിക ലോകത്തിന്റെ വിവിധങ്ങളായ സാഹചര്യങ്ങൾ നോക്കുമ്പോൾ ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയിൽ വൃദ്ധസദനങ്ങൾ ഒഴിച്ചു കൂടാനാവാത്ത ഒരു ഘടകമായി മാറിയിരിക്കുന്നു. നിത്യേനെ മാറികൊണ്ടിരിക്കുന്ന സംസ്കാര സവിശേഷത മനുഷ്യനെ വട്ടമിട്ടിരിക്കുന്നതിനാൽ മനുഷ്യർക്കിനിയും വൃദ്ധസദനങ്ങൾ ഇല്ലാത്ത കൂട്ടുകുടുംബത്തിന്റെ മനോഹാരിത നിറഞ്ഞ ഒരു ജീവിത ശൈലിയിലേക്ക് മടങ്ങി പോകാൻ കഴിയുമെന്ന് തോന്നുന്നില്ല. വിദ്യാഭ്യാസമില്ലാത്ത അച്ചനമ്മമാരുടെ സംസാര രീതിയും ശൈലിയും പ്രവർത്തികളും ഇന്നത്തെ ജീവിത ചുറ്റുപാടുകൾക്കോ സുഹൃത് ബന്ധങ്ങൾക്കോ ദഹിക്കുന്ന വിധത്തിലുള്ളതല്ല.

ജീവിതത്തിൽ നെരിപ്പോട്ടുകളിൽ ഉമിത്തീയായി എരിഞ്ഞുകൊണ്ട് തനിക്ക് ചൂട്ടും വെളിച്ചവും പകർന്നു തന്ന അച്ഛനെയും അമ്മയേയും അവരുടെ ചോരയും നീരും, വറ്റിയ ശരീരം ഇന്നു നമുക്ക് ഒസ്റ്റൽ പോരാ, വാർദ്ധക്യത്തിൽ ഉണ്ടാകാവുന്ന രോഗങ്ങൾ കൂടി വന്നാൽ ആ മാതാപിതാക്കളുടെ ഗതി പറയുകയും വേണ്ട. കല്ലിനും മുള്ളിനും കൊടുക്കാതെ താഴെ വെച്ചാൽ ഉറുമ്പരിക്കും തലയിൽ വെച്ചാൽ പേനരിക്കും എന്നിങ്ങനെ സദാ സമയവും തന്റെ ഹൃദയത്തിൽ തീ കോരി നിറച്ച് തന്റെ മക്കളുടെ സുഖത്തിനു വേണ്ടി ആഹോരാത്രം ജീവിച്ചു തീർത്ത ആ രണ്ട് ജീവികളെ വൃദ്ധ സദനങ്ങളിലേക്കും അനാഥാലയങ്ങളിലേക്കും വലിച്ചെറിയാൻ വെമ്പൽ കൊള്ളുകയാണ് നമ്മൾ.

താൻ ഉണ്ണാതെ തന്റെ മക്കളെ ഊട്ടിയും ഉറങ്ങാതെ മക്കളെ ഉറക്കിയും വളർത്തി വലുതാക്കിയ അച്ഛനും അമ്മക്കും ഇന്ന് മക്കളുടെ പക്കൽ ഒരു പാഴ് വസ്തുവിന്റെ സ്ഥാനമാണോ ഉള്ളത്... മനുഷ്യനായി ജനിച്ചു പോയാൽ വാർദ്ധക്യം ഒരു ശാപമാണോ? അന്യ സദനങ്ങളിലേക്ക് വലിച്ചെരിയുന്നത് നമ്മുടെ സ്നേഹമാണെന്ന ബോധം ഇനിയും നമ്മളിൽ തിരിച്ചു വരാത്തതെന്താണ്.... ജീവിതം സ്വാർത്ഥമാക്കുവാൻ നമ്മുടെ മാതാപിതാക്കൾ നമ്മുടെ കൂടെ ഉണ്ടാവണം. അവരുടെ

ജീവിതാവസാനം വരെയും.... അല്ലെങ്കിൽ അർത്ഥമല്ലാത്തജീവിതം നയിച്ച് നമുക്കും ഒരു നാൾ വിട്ട് പോകേണ്ടി വരും........"തളർന്നവർക്ക് ആശ്വാസമേകുന്നിടമല്ല ....ആശ്വാസമുള്ളവരെ തളർത്തുന്നിടമാണ് വൃദ്ധസദനം"

Ruksina
അദ്ധ്യാപിക(ജി.എച്ച്.എസ് ചെറുവാടി)

# ആരോഗ്യമുള്ള മനസ്സുണ്ടാവാൻ

"ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാവൂ..." നിങ്ങൾ പലപ്പോഴും കേൾക്കാറുള്ള ഒരു ചൊല്ലാണിത്. നന്നായി പഠിക്കണമെങ്കിൽ, ചിന്തിക്കണമെങ്കിൽ മറ്റുള്ളവരുമായി ഇടപഴകണമെങ്കിൽ, പഠന പ്രവർത്തനങ്ങളിൽ, കളിക്കണമെങ്കിൽ നല്ല ഉത്സാഹം വേണം. ആരോഗ്യമുള്ള മനസ്സിലെ ഉത്സാഹമുണ്ടാകൂ. അല്ലെങ്കിലോ.....? എന്തു കേൾക്കുമ്പോഴും എനിക്കു വയ്യേ എന്നു മനസ്സു പറയും.എനിക്കിപ്പോ ഒട്ടും വയ്യ...എന്നെക്കൊണ്ടാവില്ല.. എന്നൊക്കെ പറഞ്ഞ് ഒഴിഞ്ഞ് മാറും. ഫലമോ? ജീവിതത്തിൽ വിജയിച്ചു മുന്നേറേണ്ട പല ഘട്ടത്തിലും നാം തോറ്റു പോകും.

അതുകൊണ്ട് കുട്ടുകാർ ശരീരത്തിന്റെ ആരോഗ്യം ശ്രദ്ധിക്കണം. ശാരീരികാരോഗ്യത്തിന് നല്ല ഭക്ഷണം കഴിക്കണം. ശുചിത്വം പാലിക്കണം. വ്യായാമം വേണം. ഇതിൽ മുഖ്യം ഭക്ഷണം തന്നെയാണ്. “അന്നക്കാര്യം മുന്നക്കാര്യം" എന്നൊരു പഴഞ്ചൊല്ല് കേട്ടിട്ടുണ്ടാവും. തീറ്റയുടെ കാര്യം തന്നെയാണ് മുഖ്യം എന്നർത്ഥം. സദാ സമയവും വയറു നിറഞ്ഞിരിക്കണമെന്നല്ല ഇതിനർത്ഥം. അമിത ഭക്ഷണം അൽപ ഭക്ഷണത്തേക്കാൾ ആപത്താണെന്ന കാര്യവും മറന്നു പോകരുതേ...

കിട്ടാവുന്നതിൽ ഏറ്റവും നല്ല ഭക്ഷണം മിതമായ തോതിൽ കഴിക്കുകയാണ് വേണ്ടത്. ചിക്കനും ബീഫുമൊക്കെ കിട്ടിയാലേ ചിലർക്ക് തൃപ്തിയാവൂ. എന്നാലേർക്കുക.. ദിവസവും മാംസഹാരം കഴിക്കുന്നത് ഒട്ടും നല്ലതല്ല. പ്രതേയേകിച്ച് ഇക്കാലത്ത് കിട്ടുന്ന മാംസങ്ങൾ!ഭക്ഷണത്തിൽ ധാന്യങ്ങൾക്കും പച്ചക്കറികൾക്കും കിഴങ്ങു വർഗങ്ങൾക്കും നല്ല പ്രാധാന്യം കൊടുക്കണം. ഓരോ കാലത്തും നമ്മുടെ നാട്ടുകളിൽ വിളയുന്ന പഴവർഗങ്ങളും മറ്റും. നമ്മുടെ ആരോഗ്യത്തിന്റെ സുപ്രധാന ഘടകമാണെന്നോർക്കുക.

വേനൽ കാലമാണല്ലോ ഇപ്പോൾ. ചക്കയുടെയും മാങ്ങയുടെയുമൊക്കെ കാലമാണിത്. കുട്ടുകാർ ചക്കയും മാങ്ങയും കഴിക്കാറുണ്ടോ? ഇക്കാലത്തു നമുക്ക് കിട്ടാവുന്ന ഏറ്റവും നല്ല ആഹാരമാണിതൊക്കെ.മാരകരോഗമായ ക്യാൻസറിനെ

പോലും ചെറുത്ത് തോൽപിക്കാനുള്ള ഔഷധ വീര്യം നമ്മുടെ നാട്ടിൽ ധാരാളമായി കിട്ടുന്ന ചക്കയിലുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ചക്ക പുഴുങ്ങിയതും പഴുത്തതുമൊക്കെ തിന്നണം. ചക്കക്കുരുപോലും കളയാതെ ആഹാരമാക്കണം. കീടനാശിനിയും രാസവളങ്ങളും ഉപയോഗിക്കാതെ കിട്ടുന്ന പഴമാണിതെന്ന് മറക്കാതിരിക്കുക.

മാങ്ങയും ഇതുപോലെ തന്നെ. കടയിൽകൊതിയൂറും നിറങ്ങളിൽ കാണുന്ന മാങ്ങകളല്ല. നമ്മുടെ പറമ്പുകളിലും മറ്റും കാണുന്ന വലിയ മാവുകളിൽ കായ്ക്കുന്ന നാടൻ മാങ്ങകളാണ് കഴിക്കേണ്ടത്. പണ്ടൊക്കെ കുട്ടികൾ മാവിൽ ഉണ്ണിമാങ്ങ വിരിയുന്നതു മുതൽ തീറ്റ തുടങ്ങുമായിരുന്നു. മാവിൽ നിന്നു കൊഴിഞ്ഞു വീഴുന്ന ഒരുണ്ണി മാങ്ങ പോലും വെറുതെ കളഞ്ഞിരുന്നില്ല. ഇന്നോ? കുട്ടികളേറെയുണ്ടെങ്കിലും മാവിൻ ചോട്ടിലൊക്കെ ഉണ്ണിമാങ്ങ കൊഴിഞ്ഞ് ചീഞ്ഞ് കിടക്കുന്നുണ്ടാവും ആർക്കും വേണ്ടാതെ! മാങ്ങ ഉപ്പ് കൂട്ടി തിന്നാനെന്തു രസമാണെന്നോ?

ഈ വിധം നമ്മുടെ ചുറ്റും സുലഭമായ് നല്ല പഴങ്ങളും ധാന്യങ്ങളും കിഴങ്ങു വർഗങ്ങളുമൊക്കെ കഴിക്കുക. രോഗങ്ങളെ അകറ്റുക. രോഗമകലുമ്പോൾ നമുക്കുത്സാഹം വർദ്ധിക്കും. ഉന്മേഷമുണ്ടാകും, പഠനത്തിൽ മുന്നേറാൻ സാധിക്കും. ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ.

അഹമ്മദ് അസ്മിൽ ടി

# 'ഇനി നാളെ'

മൂവന്തിയിൽ  ചേക്കേറാനൊരു
ചില്ല തേടിപ്പോകും കിളി
എന്നോട് ചോദിക്കുന്നു
എനിക്ക് ചേക്കേറാനൊരു ചില്ല തരു!

അറിയാതെ വിണ്ണിൽ നിന്നും
മണ്ണിലെത്തിയ നീർക്കണിക
എന്നോട് യാചിക്കുന്നു
എനിക്ക് കടലിൽ ചേരാനൊരു പുഴ തരു!

വരണം ഭൂവിൽ നിന്ന്
അബദ്ധത്തിൽ വന്ന പൂച്ചെടി
എന്നോട്കെഞ്ചീടുന്നു
എനിക്ക് വളരാൻഇത്തിരിയീറ്പ്പം തരു!

ഇന്നിനെ മാത്രം സ്നേഹി-
ച്ചിന്നിനെ മാത്രം പൂജി-
ക്കുന്നൊരീ ഞാനോ……

എന്റിന്നത്തെ ക്ഷുത്തകറ്റാൻ
ആ കിളിയെ ചുട്ടുതിന്നു ഞാൻ!
നീറ് കണിക സേമിച്ചെന്റെ
ഇന്നത്തെ ദാഹമകറ്റി
നൽ പൂവുകൊടുത്തു ഞാൻ!
ഇന്നത്തെ കാമമകറ്റി!
ഇനി നാളെ?….അതു നാളെ

ഷഹന ഷെറിൻ.കെ

# എന്റെ ആത്മകഥ

ഞാൻ ജനിച്ചത് മലപ്പുറം ജില്ലയിലെ തിരൂരിലാണ്. എനിക്ക് ഒരു ആങ്ങളയും ഒരു പെങ്ങളുമുണ്ട്. എന്റെ ഉപ്പക്ക് കൂലിപ്പണിയാണ്. എന്റെ ഉമ്മ വീട്ടമ്മയുമാണ്. എന്റെ വീട്ടുകാർ എന്നെ വളരെയധികം സ്നേഹിച്ചിരുന്നു. ഞാൻ പറയുന്ന സാധനങ്ങൾ എനിക്ക് വാങ്ങിത്തരുമായിരുന്നു. അവർ എന്നെ സ്നേഹത്തോടെ വിളിച്ചിരുന്നത് കുഞ്ഞുമോൻ എന്നായിരുന്നു.

അങ്ങനെ ഞാൻ എഴാം ക്ലാസിൽ എത്തിയപ്പോൾ എന്റെ ഉപ്പ എന്നോട് പറഞ്ഞു നീ ഒരു ഉസ്താദായി കാണാൻ എനിക്കൊരു ആഗ്രഹമുണ്ട്. അന്ന് ഞാൻ ഉപ്പയോട് ഒന്നും പറഞ്ഞില്ല. പിന്നെ ഞാൻ എഴാം ക്ലാസ് കഴിഞ്ഞതിനു ശേഷം എന്നോട് ഉമ്മയും ഇതേ ആഗ്രഹം പ്രകടിപ്പിച്ചു. അപ്പോൾ ഞാൻ ഉമ്മയോട് ദർസിൽ പഠിക്കാൻ പോകാമെന്ന് പറഞ്ഞു. ഇതു കേൾക്കേണ്ട നിമിഷം ഉമ്മയ്ക്ക് വളരെയധികം സന്തോഷമായി. എന്നെ കെട്ടിപ്പിടിച്ച് ഒരുമ്മ തന്നു. എന്നിട്ട് എന്റെ ഉമ്മ തലയിൽ കൈ വച്ചിട്ട് പറഞ്ഞു " നീ നന്നായി വരും മോനെ" എന്ന്... അങ്ങനെ വല്ല്യപ്പ ഉപ്പയോട് പറഞ്ഞു നമ്മുടെ കുടുംബത്തിലെ മൂത്താപ്പന്റെ മോൻ ദർസ് പഠിപ്പിക്കുന്നുണ്ട്.നമുക്ക് അവനെ അവിടെ ചേർത്താം. അതുകേട്ട് എന്റെ ഉപ്പ എന്നോട് ആ കാര്യം വിവരിച്ചു തന്നു.അപ്പോൾ ഞാൻ അവിടെ പഠിക്കാമെന്ന് പറഞ്ഞു . പക്ഷേ, ആ ദർസ് കോഴിക്കോട് നല്ലളം എന്ന സ്ഥലത്തായിരുന്നു. അങ്ങനെ എന്നെ ഉപ്പ അവിടെ ചേർത്തു. ഒരു മാസം ഞാൻ വീട്ടുകാരെ ഓർത്ത് വിശമിച്ചിരുന്നു. ഞാൻ വിശമിച്ചിരിക്കുന്നത് കണ്ട് ഉസ്താദ് എന്നെ സമാധാനിപ്പിച്ചിരുന്നു. അങ്ങനെ ഞാൻ ദർസ് പഠനം തുടർന്നു.

പിന്നീട്ഞാൻ ഉസ്താദിനോടൊപ്പം ദർസ് മാറി മഞ്ചേരിയിൽ രണ്ട് വർഷം പഠിച്ചു. പിന്നീട് ഉസ്താദിനോടൊപ്പം മുക്കത്ത് വന്നു. എന്നിട്ട് ഞാൻ ജി.എച്ച്.എസ്.എസ് ചെറുവാടി എന്ന സ്കൂളിൽ ചേർന്നു. അങ്ങനെ ഞാൻ എന്റെ ക്ലാസ്സിലെ കുട്ടികളെ പരിചയപ്പെട്ടു. അതിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട സുഹൃത്ത് സൈനുൽ ആബിദീനും നിഹാലും ത്വാഹയും വഹാബും ആയിരുന്നു. അങ്ങനെ ഞാൻ സുഹൃത്തുക്കളോട് കൂടെ ഇടപഴകി ജീവിച്ചുകൊണ്ടിരിക്കുന്നു.

മുഹമ്മദ് ബാസിൽ കെ പി

# എന്റെ കുട്ടിക്കാലം

ഇന്നലെ മോൾ വന്നപ്പോൾ പറഞ്ഞു-"ഉമ്മ എന്തെങ്കിലും ഒന്ന്എഴുതിത്തരണം മറ്റന്നാൾ സ്കൂളിൽ പോകുമ്പോൾ കൊണ്ട് പോകണം.എന്റെ ടീച്ചർ പറഞ്ഞിട്ടുണ്ട്;കഥയോ, കവിതയോ,അനുഭവങ്ങോ,കുട്ടിക്കാലമോ എന്തായാലും മതി എന്ന് "അവൾ അങ്ങനെ പറഞ്ഞപ്പോൾ എന്റെ മനസ്സിൽ ആദ്യം വന്നത് ഞങ്ങൾ ഉപ്പയുടെ തറവാട്ടിൽ താമസിച്ചിരുന്ന കാലമാണ്. ഏഴോ,എട്ടോ വയസ്സുവരെയെ അവിടെ താമസ്സിച്ചിട്ടുള്ളു എങ്കിലും ആ കാലം ഇന്നും മനസ്സിൽ മായാതെ നിൽക്കുന്നു.

മലപ്പുറം ജില്ലയിലെ ഫറോക്കിനടുത്ത് ചാലിയാറിനോട് ചേർന്ന ഗ്രാമത്തിലാണ് ഞാൻ ജനിച്ചത്. വീട്ടിന്റെ മുൻഭാഗത്ത് നിറഞ്ഞൊഴുകുന്ന പുഴയും ,പിറകിൽ നല്ല ഉയരമുള്ള മലയും ആയിരുന്നു.

വല്ലുപ്പയും വല്ലിമ്മയും,ഞങ്ങൾ ഉപ്പയും ഉമ്മയും നാല് കുട്ടികളും ,ഉപ്പയുടെ ചെറിയപെങ്ങളും കുട്ടികളും,പിന്നെ ഇടക്കൊക്കെ വിരുന്നു വരുന്ന ഉപ്പയുടെ മൂത്തപെങ്ങളും കുട്ടികളും! ഇപ്പോഴത്തെ ടിവിയും മൊബൈലും ഒന്ന് ഇല്ലാത്തതു കൊണ്ട് കുട്ടികൾ മുഴുവൻ കളിതന്നെയായിരുന്നു. വല്ലുപ്പ നന്നായി വല വീശി മീൻ പിടിക്കുമായിരുന്നു. പുഴക്കരയിൽ മീൻ പിടിക്കാൻ പോകുമ്പോൾ ഞങ്ങളും കൂടെ പോകും. വലയിൽ മീനിനെ എടുക്കുന്നത് കാണാനാണ്ഏറെ ഇഷ്ടം.വല വീശിഎറിയുന്നത് കാണാനും കൗതുകം തന്നെ. പുഴവക്കത്ത് നിറയെ തെച്ചിക്കായകൾ ഉണ്ടാകും. ചുവന്ന നിറത്തിൽ നിൽക്കുന്ന അത് പറിച്ച് തിന്നാനും രസം തന്നെ.ഇക്കാക്ക പുഴയിൽ ചൂണ്ടൽ വെക്കാൻ പോകുമ്പോഴും ഞങ്ങളുണ്ടാകും കൂടെ.

പിന്നെ നിത്യവും മലമുകളിൽ കയറും.ഏറ്റവും ഉയരത്തിൽ നിന്ന് പുഴ കാണുമ്പോൾ ഉള്ള അനുഭവം അത് എത്ര കണ്ടാലും മതിയാവില്ല.ദൂരേന്ന് പുഴകാണുമ്പോൾ അത് വളഞ്ഞൊഴുകി വരുന്നത് നന്നായി കാണാം. മലയിലും നിറയെ തെച്ചിക്കായൾ ഉണ്ടാകും.പിന്നെ മാങ്ങ,പറങ്കിമാങ്ങ ഒക്കെയുണ്ടാകും.സ്കൂൾ വിട്ട് വന്ന് ചായകുടിച്ച് നേരെ മലയിലേക്കാണ് പോകുക. പിന്നെ ഇരുട്ടുമ്പോഴാണ് തിരിച്ചിറങ്ങുക.

വീട്ടിൽ കൃഷിയൊക്കെ ഉള്ളത് കൊണ്ട് അതും ഒരനുഭവം തന്നെയാണ്.കൊയ്ത്ത് കഴിഞ്ഞപാടത്ത്പച്ചക്കറിയും പൂളയും മധുരക്കിഴങ്ങും ഉണ്ടാകും. വയലിൽ കടഴികുത്തിഅതിൽ നിന്ന് വെള്ളം കോരിയാണ് അത് നഞ്ഞക്കുക. ഉമ്മയും അമ്മയിയെക്കയാണ് നനക്കാൻ പോകുക.സഹായിക്കാൻ

ഇക്കാക്കയും ഇത്താത്തയിം ചെളിയിൽ കളിക്കാൻ ഞങ്ങളും. കളിച്ച കഴിയുന്ന കാലമായിരുന്നങ്കിലും
ഉപ്പയുടെയും ഉമ്മയുടെയു വല്ലപ്പയുടെയും വല്ലമ്മയുടെയും കൂടെകുട്ടികൾ കാണും.

ഉമ്മ പുഴയിൽ പോകുമ്പോൾ ഞങ്ങൾക്കുടെപ്പോകുംവിറടുക്കാൻ പോകുമ്പോഴും.

സ്കൂൾ രണ്ടാം ക്ലാസ് വരെയെ അവിടെ പഠിച്ചിട്ടുള്ളു.
അവിടെത്തെ അധ്യാപകർമാരെയെക്കെ ഇപ്പോഴും സ്നേഹത്തോടെ ഒർക്കുന്നു.ആ കാലം എഴുതി പൂർത്തിയാക്കാൻ കഴിയും എന്ന് തോന്നുന്നില്ല.അതു കൊണ്ട് തൽക്കാലം നിർത്തുന്നു.

-ജമീല.പി
ചെറുവാടി

# എല്ല മുറിയെ പണിചെയ്താൽ

മാരി മഴകൾ നനഞ്ചേ-വെറു
വയലുകളൊക്കെ നിറഞ്ചേ:
പൂട്ടിയൊരുക്കി പറഞ്ചേ:ചെറു
ഞാറുകൾകെട്ടിയെറിഞ്ചേ
ഓമല ചെന്തിലാമല-ചെറു
കണ്ണമ്മാകളി കറുമ്പി
വന്നു നിന്നവർ നിന്നേ-കെട്ടി
ഞാറെല്ലാം കെട്ടി പ്പൂകുത്തേ
ഒപ്പത്തിൽ നട്ടുകരേറാ-നവർ
കുത്തിയെടുത്തു കുനിഞ്ചേ

ദിൽശിബഫെബിൻ എം.കെ
**9B**

# എലി



ഒളിച്ചിരിക്കും പകലൊക്കെ
മടയ്ക്കുള്ളിൽ കുഞ്ഞനെലി
രാത്രിനേരം നാട്ടിലൊക്കെ

ഓട്ട, ചാട്ടം ചുണ്ടനെലി
കാർന്നുതിന്നും
കായ്കനികൾക്ക കടിച്ചുകീറും
വസ്ത്രങ്ങൾ

വീട്ടിനകത്തു ശല്യം തീർക്കും
തട്ടിമുട്ട കൊച്ചനെലി
വടിയുമായി വരും നെരം
ഒടിയൊളിക്കും കുഞ്ഞനെലി

സജാ മോൾ

9A

# എസ്.കെ.പൊറ്റക്കാട്



മഹാകവി ജി . ശങ്കരക്കുറുപ്പിന് ശേഷം ഞ് ജ്ഞാനപീഠം നേടിയ നോവലിസ്റ്റ്, സഞ്ചാരസാഹിത്യകാരൻ,കഥാകൃത്ത്,കവി എന്നി നിലകളിൽ പ്രശസ്തൻ.മുഴുവൻ പേര് ശങ്കരകുട്ടി കുഞ്ഞിരാമൻ പൊറ്റക്കാട്. **1913** മാർച്ച് **14** ന് കോഴിക്കോട് ജനനം.പിതാവ് കുഞ്ഞിരാമൻ പൊറ്റക്കാട് ഇംഗ്ലീഷ് അധ്യാപകനായിരുന്നു. ആദ്യ സഞ്ചാരം **1939** ൽ ബോംബെയിലേക്കു നടത്തിയ യാത്ര വഴിത്തിരിവായി.ഇന്ത്യയിലുടനീളം സഞ്ചരിക്കുവാൻ ഇക്കാലത്ത് അവസരം ലഭിച്ചു.പൊറ്റക്കാടിന്റെ യാത്രനുഭവങ്ങൾ മലയാളത്തിന് നവീനമായ സഞ്ചാരസാഹിത്യശാഖയ്ക്കു തന്നെ മുതൽകൂട്ടായി.കേന്ദ്ര-കേരളസാഹിത്യ അക്കാദമി അവാർഡുകൾക്കു പുറമെ**1981** ൽ 'ഒരു ദേശത്തിന്റെ കഥ'യ്ക്കു ജ്ഞാനപീഠപുരസ്കാരവും ലഭിച്ചു.**1982** ഓഗസ്റ്റ് **6** ന പൊറ്റക്കാട് അന്തരിച്ചു.

**നോവലുകൾ**

പ്രേമശിക്ഷ,ഒരു തെരുവിന്റെ കഥ,ഒരു ദേശത്തിന്റെ കഥ,മൂടുപടംതുടങ്ങിയവ.

**ചെറുകഥാസമാഹാരങ്ങൾ**


ചന്ദ്രകാന്തം,മണിമാളിക,പ്രേതഭൂമി,രാജമല്ലി തുടങ്ങിയവ.

**യാത്രാവിവരണങ്ങൾ**

കാശ് മീർ,നൈൽ ഡയറി,പാതിരാ സൂര്യന്റെ നാട്ടിൽ,ലണ്ടൻ നോട്ട് ബുക്ക് തുടങ്ങിയവ.

നിവിൽ വിനോദ്

# എഴുത്ത്



മനസ്സിൽ എരിഞ്ഞടങ്ങുംചിന്തകൾക്കൊരു
ജീവ വായു കൊടുക്കുവാൻ ചിന്തകൾ തന്നെ
കണ്ടെത്തിയ ഒന്നാണ് എഴുത്ത്
അവർ അക്ഷരങ്ങളായി വിന്യസിക്കുമ്പോൾ
മനസ്സിൽ കനലുകൾ  അണഞ്ഞ്
ഹൃദയം തണുക്കുന്ന
മനോവികാരം തിരിച്ചറിയുന്നു....
അറിയാൻ ഒരു നിമിഷം
അറിയാതിരിക്കാൻ ഒരു നിമിഷം
അറിഞ്ഞാൽ പിന്നെ അകലാനുള്ള തിടുക്കം
അകന്നാൽ അടുക്കാനുള്ള വെമ്പൽ
ഇതാണ് മനസ്സ്......

ഫാസിൽ കെ
അധ്യാപകൻ(ജി.എച്ച്.എസ്.എസ് ചെറുവാടി)

# എഴുത്തച്ഛൻ

മധ്യകേരളത്തിലെ വെട്ടത്തുനാട്ടിൽ തൃക്കണ്ടിയൂരുള്ള തുഞ്ചൻ പറമ്പിലാണ് എഴുത്തച്ഛൻ ജനിച്ചത്. എഡി 1495 നും 4157 നും മധ്യേ യാണ് എഴുത്തച്ഛന്റെ ജീവിതക്കാലം.ജനജീവിതം സാംസ്കാരമായി തകർന്നുകഴിഞ്ഞിരുന്ന കാലഘട്ടമായിരുന്നത്. നാട്ടുരാജാക്കന്മാർ തമ്മി ലുള്ള കിടമത്സരവും പോർച്ചുഗീസുകാരുടെ അക്രമണവുമല്ലാം ജനജീവി തത്തിൽ ദുരിതം നിറച്ചു.ആധ്യാത്മികമായ ഉന്നതിയിലൂടെയല്ലാതെ സമൂഹത്തിന് രക്ഷയില്ല എന്ന് അദ്ദേഹം തിരിച്ചരിഞ്ഞു.

ജന്മസ്ഥലമായ തുഞ്ചൻ പറമ്പിൽ ഒരു പള്ളിക്കൂടം സ്ഥപിച്ച് ധാരാളം കുഞ്ഞുങ്ങൾക്ക് അറിവു നൽകിയതാവം രാമാജ്ഞന് എഴുത്തച്ഛൻ എന്ന പേരുനൽകിയത്.ചിറ്റൂർ മഠത്തിൽ വെച്ചാണ് അദ്ദേഹം സമാധിയായെന്നാണ് വിശ്വസിക്കുന്നത്.

-അഭിനന്ദ്.കെ
9A

# കണ്ണീർ തുള്ളി

ഞാൻ കണ്ണീർ തുള്ളി. എനിക്ക് നിങ്ങളോട് ചിലത് പറയാനുണ്ട്.അരെയും ഞാൻ ഇതുവരെ ഉപദ്രവിച്ചിട്ടില്ല. ഉപദ്രവിക്കാൻ അഗ്രഹിക്കുന്നില്ല.അഗ്രഹിച്ചിട്ടുമില്ല.



ഈ അടുത്ത ദിനങ്ങളിൽ ഞാൻ നിങ്ങൾക്ക് നാശമായി വന്നു.ജീവിതത്തിൽ നിങ്ങൾ സമ്പാദിച്ച പലതും ഒറ്റ നിമിഷം കൊണ്ട് ഇല്ലാതായി.വീടും നാടും നഷ്ട്പ്പെട്ടു.നിങ്ങൾക്ക് നഷ്ട്പ്പെട്ടതിൻ കാരണം ഒരിക്കലും ഞാൻ അല്ല.നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ.അതിനും കാരാണം നിങ്ങൾ തന്നെയല്ലെ...?

മനുഷ്യ ജീവിതത്തിനും സ്നേഹത്തിനും കുടുംബങ്ങൾക്കും വിലകൽപ്പിക്കാത്ത നിങ്ങൾ തന്നെയാണ്.

വീണ്ടും വീണ്ടും തെറ്റുകളിൽ നിന്ന് തെറ്റുകളിലേക്ക് സഞ്ചരിക്കുന്ന നിങ്ങൾ മനുഷ്യർ തന്നെയാണ് കുറ്റക്കാർ.മനുഷ്യൻ എന്ന വാക്കിൻ ചില അർത്ഥങ്ങളൊക്കെയുണ്ട്.അതിന്റെ അർത്ഥം ഇതു വരെ നിങ്ങൾ മനസ്സിലാക്കിയിട്ടില്ല. ദൈവം അനുഗ്രഹിച്ച് തന്ന പലതിനെയും നിങ്ങൾ നിഷ്പ്രയാസം കൊന്നൊടുക്കി.

പ്രകൃതി അനുഗ്രഹിച്ചതന്ന ഭൂമിയെ ഇല്ലതാക്കി.

വനദേവതക്കളുടെ അനുഗ്രഹത്താൽ,പച്ചവിരിച്ച നെൽപാടങ്ങൾ,ശ്വസിക്കാൻ ശുദ്ധമായ വായു,മണ്ണ്,ജലം,നദി അങ്ങനെ അങ്ങനെ നിങ്ങൾക്കല്ലാം ഗുണങ്ങൾ മാത്രം തന്നിരുന്ന ഒരോന്നിനെയും ഇല്ലാതാക്കി.

വയലുക്കൾ നികത്തി പടുക്കുറ്റൻ കെട്ടിടങ്ങൾ പണിതു.വനങ്ങളിൽ


അതിക്രമിച്ച് കയറി അവളെ നിങ്ങൾ തീയിട്ടു വെണ്ണിറാക്കി.അതോടപ്പം അവയെ അശ്രയിച്ച് ജീവിച്ച ജീവജാലങ്ങളേയും കൊന്നൊടുക്കി. ഇനിയെങ്കിലും ചിന്തിക്ക് നിങ്ങൾ അനുഭവിച്ച ദുരിതത്തിൻ വെറും കണ്ണീർ തുള്ളിയായ ഞാനണോ കുറ്റക്കാരി?.നിങ്ങൾ ഉണ്ടാക്കുന്ന ദുരിതങ്ങൾ കണ്ട് കരയുന്ന അകാശത്തിൽനിന്നും ഇറ്റു വീഴുന്ന കണ്ണീർ തുള്ളിയാണ് ഞാൻ.

നിങ്ങളുടെ സുഖ സൗഗര്യങ്ങൾക്ക് വേണ്ടി മാത്രം
നിങ്ങൾ ചെയ് ത ക്രൂരതക്കൾ എത്രത്തോളം വലുതാണെന്ന്.
ഭൂമിയിലുള്ള സർവതും ദൈവ സൃഷ് ട്ടിയാണ്.അവക്ക് ജീവനും വിലയും ഉണ്ട്.ഇനിയും ഞാൻ ഭൂമിയിലേക്ക്തിരിച്ചു വരും.അതിൻ
ഒരിക്കലും നിങ്ങളുടെ നാശത്തിൻ വേണ്ടിയല്ല. മറിച്ച് സംഭവിച്ചാൽ അതിൻ ഒരിക്കലും കാരണം ഞാൻ അല്ല.ഞാനും നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കും.വീണ്ടും എന്റെ തിരിച്ചു വരവിൽ അർക്കും ഒന്നും സംഭവിക്കാതിരിക്കാതിരിക്കട്ടെ...

നിങ്ങളുടെ ദുഷ്പ്പവർത്തികൾ മൂലം ഭൂമിയെ വേദനിപ്പിച്ചാൽ പ്രകൃതി ദുരന്തത്താൽ നിങ്ങളുടെ ജീവൻ അവൻ അപഹരിക്കും എന്ന് നിങ്ങൾ ഓർക്കുക.അവനവൻ ചെയുന്ന കർമ്മ ഫലം അവനവൻ തന്നെ അനുഭവിക്കും കരുതുക.......

DILVA SAJI
9A

# കുഞ്ഞിത്തത്ത



പ്രകൃതി സൗന്ദര്യം നുകർന്നിരിക്കുകയായിരുന്നു തത്തമ്മ.അതിനിടയിലാണ് ഇരിക്കുന്ന മരച്ചില്ലയിലെ ഇലയിൽ എന്തോ അനക്കം കേട്ട് നോക്കിയത് .ഒരു ഇലപ്പുഴ തന്നെയും നോക്കിയിരിക്കുന്നു.ഇതിനകം ഇലയുടെ കുറെ ഭാഗം അവൻ തിന്നു തീർന്നിരുന്നു.ബാക്കി തിന്നാൻ തുടങ്ങുമ്പോഴാണ് അവൻ കുഞ്ഞിതത്തയെ കണ്ടത്."എവിടെയാ കുഞ്ഞിതത്തേ നിന്റെ വീട്?",ഇതിനുമുമ്പ് ഇവിടെങ്ങും കണ്ടിട്ടില്ലല്ലോ.മിന്നു എന്ന ഇലപ്പുഴ വർത്തമാനത്തിന് തുടക്കമിട്ടു.ഒരു നിമിഷം ഒന്നും മിണ്ടാതിരുന്നു എന്നിട്ട് കുഞ്ഞിത്തത്ത പറഞ്ഞു തുടങ്ങി.

"കുറച്ചു ദൂരെ പുഴയുടെ അടുത്തായിരുന്നു ഞങ്ങൾ താമസിച്ചിരുന്ന ത്.അച്ഛനും അമ്മയും ഞാനും രാവിലെ തീറ്റ തേടി പറന്നുപോയിട്ട് പിന്നെ തിരിച്ചുവരുമ്പോൾ നേരമിരുട്ടും.ഒരു ദിവസം അവർ പോയിട്ട് തിരിച്ചുവന്നില്ല. ഞാൻ വളരെ നേരം കാത്തിരുന്നു.എന്നിട്ടും കണ്ടില്ല.വെളുക്കുന്നതിന് മുമ്പ് അവർ വരും എന്ന് പ്രതീക്ഷിച്ച് ഒത്തിരി നേരം ഞാൻ കാത്തിരുന്നു.ഒടുവിൽ കരഞ്ഞ് തളർന്ന് ഉറങ്ങിപ്പോയി.പിറ്റേന്നും അവരെ കണ്ടില്ല.പിന്നെയൊരിക്കലും അവർ വന്നില്ല.അന്ന് മുതൽ ഞാൻ അവരെ തേടി നടക്കുകയാണ്.പലയിടത്തും തിരഞ്ഞു,ഇപ്പോൾ ഇവിടെയും വന്നു. മിന്നൂ നീ കണ്ടോ എന്റെ അച്ഛൻ തത്തയെയും അമ്മ തത്തയെയും?"

ദു:ഖം നിറഞ്ഞ സ്വരത്തിൽ കുഞ്ഞിതത്ത ചോദിച്ചപ്പോൾ മിന്നു ഓർമ്മയിൽ തിരഞ്ഞുനോക്കി,അങ്ങനെ രണ്ട് തത്തകളെ എങ്ങും കണ്ടതായി ഓർക്കുന്നില്ല.

ഇല്ലെന്നുള്ള മിന്നുവിന്റെ മറുപടി കേട്ട് നിരാശയോടെ കുഞ്ഞിതത്ത പറഞ്ഞു.

"ഇനി ഞാൻ അവരെ തിരക്കി അടുത്ത സ്ഥലത്തേക്ക് പോട്ടെ".

അതു കേട്ടപ്പോൾ മിന്നു പറഞ്ഞു."വേണ്ട കുഞ്ഞിതത്തേ,നീ എങ്ങും പോകണ്ട.ഞാൻ പോകുന്നിടത്തെല്ലാം അന്വേഷിച്ച് കണ്ടു പിടിക്കാം.നിന്നെ കണ്ടാൽ ചിലപ്പോൾ ആരെങ്കിലും പിടിച്ചോണ്ട് പോകും.ഞങ്ങളെപ്പോലെ കാണാൻ ഭംഗിയില്ലാത്തവരാകുമ്പോൾ ഒരു കുഴപ്പവുമില്ല".

ഒരു നിമിഷം ഒന്നാലോചിച്ച് കുഞ്ഞിതത്ത പറഞ്ഞു.

"അതു വേണ്ട മിന്നൂ,ഞാൻ തന്നെ പോകാം. പോകട്ടെ,ഇനി എന്നെങ്കിലും കാണാം".കുഞ്ഞിതത്ത പറന്നു പോകുന്നതും നോക്കി മിന്നു ദു:ഖത്തോടെയിരുന്നു.

-മുഫ്ഫിദ എ.പി 9-A

# കോഴിയും കുറുക്കനും

ഒരു കാട്ടിൽ ബോബൻ എന്ന കു...കനും ...നവന്റെ ഭാര്യ
താമസിച്ചിരുന്നു. അവർ രണ്ടു പേരും ... സ്നേ...ത്തിലായിരുന്നു. അ
ഒരിക്കൽ മോളിയുടെ പിറന്നാളെത്തി ബോബൻ മോളിയോട് പറഞ്ഞു.
പിറന്നാളിൽ ഞാൻ നിനക്കൊരുഗ്രൻ സമ്മാന... തരുന്നുണ്ട്. എന്ത് സ
മോളി ചോദിച്ചു. അപ്പോൾ ബോബൻ ... ഒരു സർപ്രൈസ് ആ
അറിയണ്ട. ഞാൻ തിരിച്ച് വീട്ടിലേക്ക് വ... വലിയ പാത്രത്തിൽ
ചൂടാക്കണം. അതും പറഞ്ഞ് ബോബൻ കാട്ടിലേക്ക് യാ... അവന്റെ
ഏറ്റവും ഇഷ്ടപ്പെട്ട ഒരു പൂവൻ കോഴിയെ ആണ് അവൻ അവന്റെ
സമ്മാനമായി കൊടുക്കാൻ ഉദ്ധേശിക്കുന്നത് ...ട്ടിൽ ഒരു മരത്തിൽ ഒര
കൊഴുത്ത പൂവൻ കോഴി വസിക്കുന്നുണ്ടെന്ന് അവൻക്ക് അറിയാമാ
അങ്ങനെ ബോബൻ കോഴി താമസിക്കുന്ന ...തിന്റെ ചുവട്ടിലലെത്തി.
കയ്യിൽ കോഴിയെ പിടിച്ചിടാനുള്ള ഒരു ചാക്കു...ണ്ടായിരുന്നു. അവൻ ഒരു മര
പിന്നിൽ ഒളിച്ചിരുന്നു. കുറച്ച സമയത്തിനു ശേഷം കോഴി ഭക്ഷണം കഴിച്ച്
കൂട്ടിലേക്ക് പ്രവേശിച്ചു. പതിയെ അവൻ ഉച്ച...ിലേക്ക് വഴുതി വീണു.
സമയം നോക്കി കുറുക്കൻ പതിയെ പതിയെ ...ാക്കാതെ ആ മരത്തി
ആ പൂവൻ കോഴിയെ പിടിച്ചു. എന്നിട്ട് വേഗം ചാക്കിലേക്ക് കെട്ടിയിട്ടു. ബോ
ചാക്ക് തന്റെ പുറത്ത് വെച്ചുകൊണ്ടു നടന്നു. ഒരു കുളക്കടവിലെത്തി
ബോബൻ അതിൽ നിന്ന് വെള്ളം കുടിച്ചു. അവൻ ഒരു മര
വിശ്രമിക്കുകയായിരുന്നു. ക്ഷീണം കാരണം അവൻ ഉറങ്ങിപ്പോയി.
ചാക്കിനുള്ളിൽ നിന്ന് കോഴി എണീറ്റു. താൻ ചാക്കിലാണെന്നും ഒരു അപക
പെട്ടിരിക്കുകയാണെന്നും അവന് മനസ്സിലായി. തന്റെ വയറ്റിനടിയിലു
കത്തിയെടുത്ത് അവൻ മെല്ലെ ചാക്ക് കീറി. എന്നിട്ട് കോഴി പുറത്ത് ചാ
ആസ്ഥാനത്ത് ഒരു വലിയ കരിങ്കല്ല് ചാക്കിൽ വെച്ചു കെട്ടി. എന്നിട്ട് കോ
സ്ഥലം വിട്ടു. ഉറക്കിൽ നിന്ന് ഉണർന്ന ബോബൻ ചാക്കുമായി വീട്ടിലെത്ത
തയ്യാറാക്കിയ തിളച്ച വെള്ളത്തിൽ കോഴിയെ ഇട്ടു. പാവം! ബോബൻ അറി

# ജീവിതം

ജീവിതമൊരു യാത്ര നാമെല്ലാം യാത്രികർ
കാണുന്നു, ചിരിക്കുന്നു, അടുക്കുന്നു
നിമിഷ നേരം കൊണ്ടകലുന്നു
വേറൊരു തീരം തിരയുന്നു
യാത്രകൾ തുടരുന്നു
സഹയാത്രികർ ചിലർ മൃത്യുവിൽ വീഴുന്നു
ചിലരെ നാം വിസ്മൃതിക്കുഴിയിലാഴ്ത്തീടുന്നു
നൊമ്പരമേറെയുണ്ടെന്നാകിലുംചിലരെ നാം
നിർദ്ദയം കൈവെടിഞ്ഞീടുന്നു
പൊടി തട്ടി ഓർമ്മ തൻ ഭാണ്ഡമഴിക്കുമ്പോൾ
അറിയാതെയെങ്കിലും മിഴികൾ നനയുന്നു
മനുഷ്യാ നീ വെറും തുച്ഛൻ
അഹങ്കരിക്കേണ്ടാ നീയല്ലോ നികൃഷ്ടൻ
വീണ്ടും മരീചികകൾ തേടിയലയുന്ന
നിന്റെ പേരല്ലോ വിഢ്ഢി..

ജയലക്ഷ്മി
അധ്യാപിക(ജി.എച്ച്.എസ്.എസ് ചെറുവാടി)

# ടീച്ചർ

എനിക്കിന്നൊരു ടീച്ചറുണ്ടേ....ചന്തമുള്ള മണിചന്ദ്രിക
പോലെ പുഞ്ചിരി തൂകുന്ന ടീച്ചറുണ്ടേ...................
കഥ പറഞ്ഞു തരും.... കവിത ചൊല്ലിത്തരും...
കളി പറഞ്ഞു തരും...നല്ല കാര്യം ചൊല്ലിത്തരും.........
കൂടെക്കളിക്കും കൂട്ടുകൂടും കൂട്ടുകാരിയായ്....
എനിക്കൊരു കൂട്ടുകാരിയായ്....
പാട്ട് പാടിത്തരും നല്ല പാട്ടുകാരിയായ്...
അക്ഷരമുത്തുകൾ എൻ വിരൽ തുമ്പിൽ
സ്നേഹത്തിൻ മഷിയായ് കോർത്തു തന്നുവോ...
അതോ സ്നേഹത്തിൻ വാക്കുകളാൽ
ചാലിച്ചെഴുതിയതോ...........
കൂടെങ്ങോ..... നിൻ നാടെങ്ങോ.....
കൂടും വിട്ടേ........കൂട്ടിലെ കുഞ്ഞിക്കിളിയെ വിട്ടേ..
വന്നുവല്ലോ.... എനിക്കായ് വന്നുവല്ലോ........
എനിക്കിന്നൊരു ടീച്ചറുണ്ടേ....ചന്തമുള്ള മണിചന്ദ്രിക
പോലെ പുഞ്ചിരി തൂകുന്ന ടീച്ചറുണ്ടേ...................

ആൻസി ഇ
10 B

# താളം

ഇത്തിരി പോന്നൊരു ഒത്തിരി ജീവിതം
മധുരമായ് തീർന്നതും താളമാം അനുഗ്രഹം
ഭൂമിതൻ മാറിലെ ഓരോ നറുങ്ങിനും
താളങ്ങളുള്ളതും ദൈവമാം അനുഗ്രഹം
താളങ്ങളില്ലായിരുന്നെങ്കിലീ ജീവിതം
നിലതെറ്റി അടിതെറ്റി തീരുമായിരുന്നു
ഭൂമിതൻ മാറിലെ ചുറ്റിച്ചതെല്ലാം
താലങ്ങളില്ലാതെ പിടഞ്ഞവയോരോന്നും
താളങ്ങൾ തെറ്റിയാൽ എല്ലാം തകർന്നീടും
കനവിലും നിനക്കുവാനാകില്ലെനിക്കിന്നു
താളങ്ങളില്ലാത്ത കിനാവുകൾ പോലും

## നന്ദിഹാരം

തീരാത്ത നോവിന്റെ തോരാത്ത കണ്ണുനീർ
ഉകി ഞാൻ നിൻമുന്നിൽ നിന്നനേരം
സൗഹൃദത്തേൻമഴയാലവയൊക്കെയും
കുളിരോർമയാക്കി നീ മാറ്റിയില്ലേ

നൊമ്പരം പേറുന്ന മണിവിളക്കിൽ
ആശതൻ തിരിനാളം നീ കൊളുത്തി
ആകാശഗംഗയിൽ അമൃതം പൊഴിക്കുന്ന
താരാകണത്തിൻ പൊലിമയേകി

ആ സ്നേഹവാക്കുകൾ പൂക്കളാക്കി ഞാൻ
പൂത്തുല്ലസിക്കും മലർവാടിയാക്കി
പുലർകാല വേളയിൽ കുളിർവീശിയെത്തുന്ന
ശീതളത്തെന്നലിൻ സ്പർശമാക്കി

ഓർക്കാൻ ഒരായിരം ഓർമകളും
ഓമനിക്കാൻേറെ സ്വപ്നങ്ങളും
ഏകിയ സോദരീ നേരുന്നു ഞാനിതാ
നന്മയിൽ കോർത്തൊരു നന്ദിഹാരം

**_നൗഷാദ് എം. പി**
**അധ്യാപകൻ (ജി.എച്ച്.എസ്.എസ് ചെറുവാടി.)**

## എന്റെ ടീച്ചർ

അറിവിന്റെ നിറദീപമെന്റെ ടീച്ചർ
എന്നും സുസ്മേര വദനയാണെന്റെ ടീച്ചർ
പദ്യങ്ങൾ ഗദ്യങ്ങൾ ഹൃദയത്തിൻ ഭാഷയിൽ
എന്നിൽ പകർന്നൊരാ നല്ല ടീച്ചർ

ഒരു കളർച്ചോക്കിന്റെ തുണ്ടു കൊണ്ടെന്നുള്ളിൽ
ഒരുന്നൂറു മഴവില്ലു തീർത്ത ടീച്ചർ
പിഞ്ചു കിടാങ്ങളെ കൊഞ്ചിച്ചിട്ടും പിന്നെ
നെഞ്ചോടു ചേർത്തിട്ടു പാട്ടുപാടും
കൂട്ടുകാർ കൂട്ടത്തിൽ കൂടുന്നോരൊക്കെയും
കൂടെപ്പിറപ്പായി കണ്ട ടീച്ചർ
മാതാപിതാക്കളെ മാറോടു ചേർക്കുന്ന
മാതൃത്വമാണെന്റെ ലീന ടീച്ചർ
അധികാരപീഠം അലങ്കരിച്ചെങ്കിലും
അനുകമ്പ കൈവിടാതുള്ള ടീച്ചർ
ആത്മസൗഖ്യങ്ങളെ അപരന്റെ സൗഖ്യമായ്
മാറ്റാൻ ശ്രമിച്ചീടുമെന്റെ ടീച്ചർ
കദനങ്ങൾ കലഹങ്ങൾ കലിതുള്ളിയെത്തുമ്പോൾ
പതറാതെ ഇടറാതെ കാലിടറി വീഴാതെ
കർമ്മ പന്ഥാവിലെ ധർമ്മ സംസ്ഥാപനം
കൈമുതലായുള്ളൊരെന്റെ ടീച്ചർ
അദ്ധ്യാപനത്തിലെ കർമ്മ വീര്യത്തെയും
ആത്മാർത്ഥമായൊരാ പത്നി ധർമ്മത്തെയും
സ്നേഹാർദ്രമായൊരു മാതൃവാത്സല്യവും
എന്നും സ്മരിച്ചീടും നന്ദിയോടേവരും
ഉയരങ്ങളിൽ നിന്നും ഉയരങ്ങൾ താണ്ടുവാൻ
ഉലകാധിപനോടായ് പ്രാർത്ഥിച്ചിടുന്നു ഞാൻ

**_നൗഷാദ് എം. പി**
**അധ്യാപകൻ (ജി.എച്ച്.എസ്.എസ് ചെറുവാടി.)**

## പടിവാതിലുകൾക്കു മുകളിൽ

ഒരുപാട് ആഗ്രഹങ്ങളും പ്രതീക്ഷകളും ഇല്ലാതെയായിരുന്ന ചെറുവാടി ഹയർസെക്കന്ററി സ്കൂളിന്റെ പടി കയറിയത്.എ ന്നാൽ ഇവിടുത്തെ കാഴ്ചപ്പാടുകൾ ഞങ്ങളെ മാറ്റിമറിച്ചു.സന്തോ ഷങ്ങളും ദു:ഖങ്ങളും പങ്കുവെക്കാൻ പറ്റിയ ഒരുപ്പാട് സുഹൃത്തുക്കളെ ഈ കലാലയം ഞങ്ങൾക്ക് നൽകി. വികൃതികൾ കാണിക്കുമ്പോ- ൾ ശകാരിക്കാനും എന്നു പ്രയപ്പെട്ട അധ്യാപകരും പ്രിൻസിപ്പാ ളും നിഴലായി എന്നും ഞങ്ങൾക്കൊപ്പമുണ്ടായിരുന്നു.അക്ഷരത്താ ളുകൾ മറിച്ചുതന്ന ഞങ്ങളുടെ ഈ ഗുരുനാഥന്മാരോടുള്ള നന്ദി ഈ താളുകളിലെതുങ്ങുന്നില്ല. ഈ കലാലയത്തെക്കുറിച്ച് പറയാ ലാണങ്കിൽ ഒരുപാട് ഒരുപട് ഉണ്ട്.

ഓർമ്മകളുടെ കുമ്പാരങ്ങൾ മനസ്സിൽ തിങ്ങിനിൽക്കും. പുതിയപലതും ഞങ്ങളുടെ മനസ്സിലേക്ക് കയറിവന്നാലും പഴയതി നേക്കാൾ മധുരം മറ്റൊന്നിനുമില്ല. അറിവിൽ ഉദിച്ചു വന്ന കലാലയ ത്തെ വിരിയുന്നത് പൂവിൽ നിന്ന് കൊഴിയുന്ന ഇതളിന്റെ വേദന- പ്പോലെയാണ്. ആരോ പറത്തിയ അപ്പൂപ്പൻതാടി പോലെ ഒരു വർഷം കൂടികഴിഞ്ഞാൽ ഞങ്ങൾ ഈ വിദ്യാലയജീവിതത്തോട് വിട പറയുകയാണ്.

-ഷഹാനഷെറിൻ.ടി

9A

## പറക്കാൻ കൊതിച്ചും


## പറന്നും...

*പറക്കാനുള്ള ആഗ്രഹം*
*മുളപൊട്ടിയപ്പോഴേ മനുഷ്യൻ*
*അതിനുള്ള ശ്രമങ്ങളും ആരംഭിച്ചു*
*പറക്കൽ പരീക്ഷണത്തിന്റെ ചരിത്രം*
*തേടിയാൽ ആദ്യം*
*എത്തിച്ചേരുക ഗ്രീക്ക്*
*ഐതിഹ്യങ്ങളിലാണ്. ശിൽപി*
*യായ ഡെയ്ഡാലസും മകനായ*
*ഇകാറസും ചേർന്ന് തൂവലും മെഴുകും*
*ഉപയോഗിച്ച് ചിറകുകൾ*
*നിർമിച്ച കഥ ഗ്രീക്ക് പുരാത്തി ലുണ്ട്.*
*പ്രശസ്ത ചിത്രകാരനായ*
*ലിയനാഡോ ഡാ വിഞ്ചി ആകാശനൗകകൾ*
*രൂപകൽപ്പ*
*ന ചെയ്തിട്ടുണ്ട്. തുടർച്ചയായി*
*ചിറകുകൾ അടിച്ച് പറക്കുന്ന*
*ആകാശനൗകകൾ ഓർണി*
*ത്തോപ്റ്ററുകൾ എന്നാണറിയ*
*പ്പെടുന്നത്....*

*നിഖിൽ ദാസ്*
*9A*

# പി.കുഞ്ഞിരാമൻ നായർ

മലയാളത്തിന്റെ പ്രിയപ്പെട്ട മഹാകവിയാണ് പി.കുഞ്ഞിരാമൻ നായർ. ദേശീയതയും ഭക്തിയും പ്രണയവും വിഷാദവും ഏകാന്തതയും നിറഞ്ഞ



കാവ്യപ്രപഞ്ചമാണ് മലയാള കവിതയിൽ സൃഷ്ടിച്ചത്. കാസർകോഡിനടുത്തുള്ള കാഞ്ഞങ്ങാട് ഗ്രാമത്തിലെ വെള്ളിക്കോത്ത് പനയന്തട്ട തറവാട്ടിൽ **1906** ഒക്ടോബർ **25** ന ജനിച്ചു.കുഞ്ഞപ്പ നായർ പിതാവും കുഞ്ഞമ്മയമ്മ മാതാവും.**14**-ാംവയസ്സിൽ അവിടെ വച്ച് ആദ്യ കവിത 'പ്രകൃതി സംഗീതം' എഴുതി. പലകാരണങ്ങളാൽ പഠനം പൂർത്തീകരി-ക്കാനയില്ല. വർഷങ്ങൾക്ക് ശേഷം മാതാപിതാക്കളെ കണ്ട സന്തോഷത്തിൽ എഴുതിയകവിതയാണ് 'പിറന്ന മണ്ണിൽ'.പിന്നീട് കൂടാളിയിലെത്തിയ പി ആറ്റൂർ കൃഷ്ണപിഷാരടിയിൽ നിന്ന് മലയാള ഭാഷാപരിജ്ഞാനമുണ്ട് എന്നതിനുള്ള സാക്ഷ്യപത്രം വാങ്ങി. അങ്ങനെ **1947** ൽ കൂടാളി ഹൈസ്കൂൾ അധ്യാപകനായി.**12** വർഷത്തിനു ശേഷം കൂടാളിവാസം വിട്ട് കൊ ല്ലക്കോട് രാജാസ് ഹൈസ്കൂളിൽ അധ്യാപകനായി ചേർന്നു.ദേശാന്തര ജീവിതത്തിനിടെ തിരുവനന്തപുരം സി.പി സത്രത്തിലെ ഒരു മുറിയിൽ വച്ച് പി. അന്തരിച്ചു.

## കവിതാസമാഹാരങ്ങൾ

കളിയച്ഛൻ, വാസന്തിപ്പൂക്കൾ,മണിവീണ,അന്തിത്തിരി,അനന്തൻ കാട്ടിൽ ,നിറപറ,ഓണപ്പൂക്കൾ തുടങ്ങിയവ.

## ആത്മകഥകൾ

കവിയുടെകാൽപ്പാടുകൾ,ഞാൻ,നിത്യകന്യയെത്തേടി.

-ആദിത്യൻ.പി.ടി

9A

## പുതുമഴ

പുതുമഴ പെയ്ത മണ്ണിൻ മാറിൽ
നവമുകുഴളങ്ങൾ നാമ്പിട്ടു.
എന്നുടെ വീട്ടിൻ മുറ്റത്തുള്ളൊരു
പൊൻ ചെമ്പകവും പൂവിട്ടു.
മണ്ണിൻ ഗന്ധം പേരറിയാത്തൊരു
കുഞ്ഞിളം കാറ്റടിച്ചു.

മാവും പ്ലാവും തെങ്ങോലകളും
എന്നെ നോക്കി പുഞ്ചിരിച്ചു.
കുന്നിൻ മുകളിൽ വാടിക്കരിഞ്ഞൊരു
ആൽമരമുണ്ട് തളിർക്കുന്നു.
പച്ചക്കമ്പിളി മൂടിക്കൊണ്ടിത്താ -
നെൽ വയലേലകൾ പാടുന്നു.

കുഞ്ഞിക്കാൽ തട്ടി മഴയിൽ കളിക്കുവാൻ
കുഞ്ഞനിയത്തിക്കു തിടുക്കമായി
പൊൻ മഴത്തുള്ളികൾ നെഞ്ചോട്ടു ചേർക്കുവാൻ
ഓടിഞാൻ മുറ്റത്തേക്കൊന്നു കൂടി

-വിഷ്ണു.കെ
9A

# പ്രായശ്ചിത്തം

അഞ്ചാം ക്ലാസിൽ പഠിക്കുന്ന കുട്ടിയാണ് മിന്നു.അവൾ ടെറസിലെ പച്ചക്കറികൾ നനക്കുകയാണ്.വെണ്ടയും, പയറും പൂവിട്ടിരിക്കുന്നു.ഇന്നലെ വരെ ഇതിനടുത്തേക്ക് വന്നത് ആത്മനിർവൃതിയോടെയായിരുന്നു.ഇന്നെന്തോ ഒരു വല്ലായ്മ അവളെ അലട്ടുന്നുണ്ട്.ഫ്ളാറ്റിലെ വേലക്കാരിയാണവൾക്ക് ചെടി നടാനുള്ള മണ്ണ് ശേഖരിച്ചു കൊടുത്തത്. ഫ്ളാറ്റിന്റെ പറമ്പിൽനിന്നെടുക്കുന്നതെന്നായിരുന്നു അവളുടെ ധാരണ."ആ ചാക്കോച്ചേട്ടന്റെ കണ്ണുവെട്ടിച്ചെടുക്കുന്ന മണ്ണാണ്,അദ്ദേഹമില്ലാതെ തക്കം നോക്കി വേണം എടുക്കാൻ".വേലക്കാരിയുടെ വാക്കുകൾ കേട്ട് അവളൊന്നു ഞെട്ടി.ആയിടെയായി ഒരു മാസികയിൽ അന്യന്റെ മുതൽ അർഹതയില്ലാതെ എടുക്കുന്നതിന്റെ ദോഷത്തെക്കുറിച്ച് അവൾ വായിച്ചിരുന്നു.അവളുടെ മനസ്സിലൂടെ മിന്നിമറഞ്ഞു. ഒന്നും പുറമെ ഭാവിക്കാതെ അവരുടെ മുമ്പിൽ നിന്ന് അവൾ പിൻമാറി.പിന്നെ രാത്രി ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ ചിന്തയിതുമാത്രം.എങ്ങനെ ഈ പ്രശ്നം പരിഹരിക്കും?,എടുത്ത മണ്ണിപ്പോൾ തിരിച്ചുകൊടുക്കാൻ പറ്റുമോ? കുറ്റം പറഞ്ഞാൽ വേലക്കാരി പ്രതിക്കൂട്ടിൽ.....പുലിവാലായല്ലോ!.ഇലക്കും മുള്ളിനും കേടില്ലാതെ പ്രശ്നം പരിഹിക്കണം.കിടന്നു ചിന്തിച്ചപ്പോൾ ഒരാശയം മനസ്സിലുദിച്ചു.പിന്നീട് അവൾ പച്ചക്കറി കൃഷി നന്നായി പരിചിക്കാൻ തുടങ്ങി.മുളക് ചെടി നടാൻ വേണ്ടി ഇതിലിടക്ക് അവൾ വേലക്കാരിയോട് ഏൽപ്പിച്ച മണ്ണ് വേണ്ടെന്ന് പറഞ്ഞു.അന്യന്റെ മുതൽ അർഹതയില്ലാതെ എടുക്കുന്നതിന്റെ ഗൗരവം അവരെ പറഞ്ഞു മനസ്സിലാക്കി.ഒടുവിൽ പച്ചക്കറികൾ വിളഞ്ഞു പാകമായി.അവസരം വന്നപ്പോൾ പാകമായ കായ്കൾ അവൾ പറിച്ചെടുത്തു. വേലക്കാരിയോട് ചോദിച്ചു മനസ്സിലാക്കി ചാക്കോച്ചട്ടന്റെ ഫ്ളാറ്റിലേക്ക് നടന്നു.ബെൽ അടിച്ചപ്പോൾ പുഞ്ചിരിയോടെ ഗൃഹനാഥ വാതിൽ തുറന്നു."ഞങ്ങൾ പുതിയ താമസക്കാരാണ് വന്നിട്ട് കുറച്ചു മാസങ്ങളായി.ഒന്നു പരിചയപ്പെടാൻ വന്നതാണ്,കൂട്ടത്തിൽ ഞാൻ നട്ടു വളർത്തിയ പച്ചക്കറിയും കൊണ്ടുവന്നിട്ടുണ്ട്".മിന്നു ഒരു മുഖവുരയെന്നോണം പറഞ്ഞു.മനസ്സിൽ അപ്പോഴും ഒരു നീറ്റലുണ്ടായിരുന്നു.സന്തോഷത്തോടെ അവരത് സ്വീകരിച്ചപ്പോൾ മനസ്സിൽ നിന്നും വലിയ ഭാരം തെന്നിനീങ്ങുന്നത് മിന്നുവറിഞ്ഞു.

- ഷഹർബാൻ

# പ്രാർത്ഥന

എന്നും രാവിലെ ഉണരും നേരം
ദൈവ നാമം ചൊല്ലേണം
നല്ലത് മാത്രം ചെയ്തീടാൻ
നല്ലവരായി വളർന്നീടാൻ
അറിവുള്ളോരായ് തീർന്നീടാൻ

അലിവുള്ളോരായ് തീർന്നീടാൻ
അലിവുള്ളോരായ് മാറീടാൻ
പാഠങ്ങളെല്ലാം പഠിച്ചീടാൻ
പാപങ്ങളിൽ നിന്നകറ്റീടാൻ
എന്നും രാവിലെ ഉണരും നേരം
ദൈവ നാമം ചൊല്ലേണം!

ഫബ്ന് .ടി
9 a

# മംഗ്ലീഷ്

ഇന്നലെ സായാഹ്നത്തിൽ
കണ്ടു ഞാൻ സുഹൃത്തിനെ
പിന്നാലെ കൈയിൽ തൂങ്ങി
ഇംഗ്ലീഷ് മോഡൽ മകൾ
അമ്മയില്ലവൾക്കിപ്പോൾ
ഉള്ളത് മമ്മി മാത്രം
അമ്മിഞ്ഞപ്പാലവൾ നുണഞ്ഞി-
ട്ടില്ലിന്നോളം,കൃത്രിമ ആഹാരത്തിൻ
വിടർന്ന ചിരിയുമായ്,ആ കൊച്ചു-
കുഞ്ഞ് നടന്നു പോയീടവേ
ഓർത്തു ഞാൻ എങ്ങുപോയ
ഭാഷയും സംസ്കാരവും


-ഉണ്ണികൃഷ്ണൻ കോട്ടമ്മൽ
അധ്യാപകൻ(ജി.എച്ച്.എസ്.എസ് ചെറുവാടി)

# കുഞ്ഞാലിമരക്കാർ

*സാമൂതിരി രാജവംശത്തിന്റെ നാവിക പടത്തലവനായിരുന്നു കുഞ്ഞാലി മരക്കാർ. മരക്കർ വംശം പരമ്പരയിൽ നാലു പേർ ഉണ്ടായിരുന്നതായി ചരിത്രം പറയുന്നത്. ഇവരിൽ പ്രധാനിയാണ് നാലാമത്തെ മരക്കാറായ പാത്തെ കുഞ്ഞാലി മരക്കാർ. വിദേശാധിനിവേശത്തെ സാമുദ്രിക നാവിക സേനയിലൂടെ എതിർത്തവരായിരുന്നു കുഞ്ഞാലി മരക്കാർ. കുഞ്ഞാലി മരക്കാർ എന്ന പേര് സാമൂതിരി നൽകിയതാണ്. പോർച്ചുഗീസ് അധിനിവേശത്തിനേതിരെയുള്ള പോരാട്ടങ്ങൾക്ക മരക്കാർമാർ നിർണായക പങ്കവഹിച്ചു.*
*വിദേശാധിപത്യത്തിന് തടയിടാനുള്ള ആദ്യത്തെ സ്വാതന്ത്ര്യ സമരം പതിനാറാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തന്നെ ആരംഭിച്ചരുന്നു അത്തരം സമരമുഖങ്ങളിലെ പ്രമുഖനായിരുന്നു മരക്കാർ*

*അജിൻ കൃഷ്ണ . ഇപി*
*9A*

# മഴ വരുമ്പോൾ



മാനത്തെത്തും മാരിക്കാറുകൾ
കാണാനെന്തൊരു രസമാണ്
പീലി നിവർത്തി നർത്തനമാടും
മയിലിനുമുണ്ടേ ആനന്ദം
തുള്ളികൾ തുള്ളികളായിപ്പെയ്യും
മഴയത്തോടി നടക്കാനും
കാറ്റെൻ കൈകളിൽ ഊഞ്ഞാലാടും
ആലിപ്പഴമണി കാണാനും
ആനന്ദത്തിൽ ആറാടാൻ
ഓടിപ്പോരുക സാമോദം
കൂട്ടരുമൊത്തു കളിച്ചീടാൻ
കുന്നിൻ മേലെ ആർത്തു രസിക്കാൻ
കുട്ടൻ നിന്നെ വിളിക്കുന്നു.

ഷിഫ ബാനു സി പി

# മാന്ത്രിക ഷൂസ്

ഒരു പട്ടണത്തിൽ ദേവിക എന്നൊരു കുട്ടി ഉണ്ടായിരുന്നു.അവൾ വളരെ സമർത്ഥയായിരുന്നു.എന്നാൽ അവൾ മണ്ടിയായിരുന്നു.ഡാൻസ് ചെയ്യുംന്നതായിട്ടും ഓടുന്നതായിട്ടും സ്വപ്നം കാണും എന്നാൽ രാവിലെ എഴുന്നേൽക്കുമ്പോൾ അവൾ വളരെ ദുa ഖിക്കും. മമ്മിയും ഡാഡിയും പറയുന്നതെല്ലാം അവൾ അനുസരിക്കും.പച്ചക്കറികൾ കഴിക്കും ഹോം വർക്ക് ചെയ്യും ചെടികൾക്ക് വെള്ളവും നൽകും അത് കൊണ്ട് അവർക്ക് ദേവികയെ വളരെ അധികം ഇഷ്ടമായിരുന്നു.മമ്മിയും ഡാഡിയും അവളെ സന്തോഷിപ്പിക്കാൻ പലതും ചെയ്യും.ബീച്ചിൽ കൊണ്ടുപോകും, ചിലപ്പോൾ പാർക്കിലും കൊണ്ടുപോകും.അവളുടെ ജന്മദിനത്തിന്റെ അന്ന് അവൾക്ക് സങ്കടമായിരുന്നു.കാരണം,അവൾക്ക് കൂട്ടുകാർ ഇല്ലായിരുന്നു.അങ്ങനെ ഒരു ദിവസം ദേവിക ക്ലാസ് റൂമിൽ നിന്ന് കുട്ടികൾ മൈതാനത്ത് കളിക്കുന്നത് നോക്കിനിൽക്കുകയായിരുന്നു.അതിനിടയിൽ അവൾ കൂട്ടുകാരോടൊപ്പം കളിക്കുന്ന ഒരു സ്വപ്നം കണ്ടു.അപ്പോഴാണ് ടീച്ചറുടെ ശബ്ദം കേട്ടത്.ടീച്ചർ ബോർഡിൽ 'SPORTS DAY' എന്ന് എഴുതി."നാളെ സ്പോർട്സ് ഡെ ആണ്,അതുകൊണ്ട് നാളെ എല്ലാവരും വിവിധ മത്സരങ്ങളിൽ പങ്കെടുക്കണം"- ടീച്ചർ പറഞ്ഞു.അപ്പോൾ കുട്ടികളിൽ ഒരാൾ പറഞ്ഞു-"ടീച്ചറേ,എല്ലാവർക്കും ഓടാൻ കഴിയും.പക്ഷേ,ദേവികക്ക് ഓടാൻ കഴിയില്ല".കുട്ടികൾ ദേവികയെ പരിഹസിച്ചു.അപ്പോൾ ടീച്ചർ അവനെ വഴക്കുപറഞ്ഞു.അവൻ ദേവികയോട് മാപ്പ് പറഞ്ഞു.സ്കൂൾ വിട്ടു. എല്ലാവരും പോയപ്പോൾ അവൾ കരഞ്ഞു.കുറച്ച് കഴിഞ്ഞപ്പോൾ ഒരു കിളിയുടെ ശബ്ദം കേട്ടു.അവൾ ചുറ്റും നോക്കി.പക്ഷേ,അവൾ ഒരു കിളിയെയും കണ്ടില്ല.പിന്നെ അവൾ മനസ്സിലാക്കി അത് ബെഞ്ചിന്റെ അടിയിൽ നിന്നായിരുന്നു എന്ന്. അത് ഒരു പ്രാവിൻ കുഞ്ഞായിരുന്നു.അവൾ അതിനെ എടുത്തു.അവൾ അതിനെ അതിന്റെ അമ്മയുടെ അടുത്തെത്തിച്ചു.അമ്മപ്രാവ് ദേവികയോട് നന്ദി പറഞ്ഞു.കൂടെ അവൾക്കൊരു സമ്മാനവും കൊടുത്തു.ഒരു സ്വർണ ഷൂസ്.അവൾ പറഞ്ഞു- "എനിക്കിത് വേണ്ട". "അതു പറ്റില്ല, നീയിത് സ്വീകരിക്കണം.ഇത് എന്റെ സ്നേഹോപകാരമാണ്.നാളെ സ്പോർട്സ് ഡെയിൽ നിനക്ക് മികച്ച വിജയം കൈവരിക്കാൻ ഇത് നിന്നെ സഹായിക്കും"-അമ്മ പ്രാവ് പറഞ്ഞു.ദേവിക സ്വർണ

ഷൂസ് സ്വീകരിച്ചു.പിറ്റേന്ന് അമ്മ പ്രാവ് പറഞ്ഞതുപോലെ സംഭവിച്ചു,അവൾ വിജയിച്ചു.

-വഹീദ കെ. പി

7-A


# മായാത്ത സ്വപ്നം

വർഷങ്ങൾക്കു മുമ്പ് എന്റെ കുട്ടിക്കാലാത്ത് ഞാൻ അതിഭയങ്കരമായ ഒരു സ്വപ്നം കാണാൻ ഇടയായി.നേരം വെളുത്തപ്പോൾ കൂട്ടുകാരികളോടൊത്ത് കളിക്കാൻ ഇറങ്ങിയ ഞാൻ വഴി തെറ്റികാട്ടിൽ എത്തിയത് അറിഞ്ഞില്ല.എന്റെ മുന്നിലും പിന്നിലും അരും ഇല്ല.പക്ഷേ ഞാൻ പേടിച്ചില്ല.എന്റെ ധൈര്യം കൈവിട്ടില്ല.ഞാൻ പുറത്തേക്കുള്ള വഴി അന്വേഷിച്ച് നടന്നു.നേരം വളരെ ഇരുട്ടി വരും തോറും എന്റെ ധൈര്യം കുറഞ്ഞു വന്നു. എനിക്ക് പേടിയാവാൻ തുടങ്ങി.കുറച്ചു സമയത്തിനുള്ളിൽ നേരം വളരെ ഇരുട്ടി.എങ്ങും ഇരുട്ട് പരന്നു.എന്റെ കൈ കാലുകൾ വിറക്കാൻ തുടങ്ങി.കാട്ടിൽ നിന്ന് ഭയങ്കരമായ ശബ്ദങ്ങൾ കേട്ടു തുടങ്ങി. ഞാൻ ഒരു മരച്ചുവട്ടിൽ ഇരുന്നു.എന്നിട്ട് പ്രാർഥിക്കാൻ തുടങ്ങി.എന്നെ അരെങ്കിലും രക്ഷിക്കാൻ വരണെ... .അപ്പോൾ എന്റെ അടുത്ത് അരോ വരുന്നതായി തോന്നി. വല്ല പുലിയോ സിംഹമോ അണ് എന്ന് കരുതി ഞാൻ പേടിച്ചു. നോകുമ്പോൾ അത് എന്റെ എട്ടനായിരുന്നു.എന്നേ അന്വേഷിച്ച് വന്നതായിരുന്നു.അങ്ങനെ ഞങ്ങൾ വീട്ടിലേക്ക് പോയി.എന്റെ ജീവിതത്തിൽ നിന്ന് മായാത്തഒരു വലിയ സ്വപ്നമാണ്

നദാ ഹസ്നി

9a

# മുത്തശ്ശീം പൂച്ചേം



ഒരിടത്തൊരു മുത്തശ്ശി ഉണ്ടായിരുന്നൂട്ടോ.മുത്തശ്ശീടെ വീട്ടിൽ കൂട്ടിന് ഒരു പൂച്ചേം ഉണ്ടായിരുന്നു.അതെ,ഒരു കൊതിച്ചിപ്പൂച്ച.ഒരിക്കൽ നമ്മുടെ മുത്തശ്ശി കുറെ നല്ല സ്വാദുള്ള നെയ്യപ്പം ചുട്ടുവെച്ചു.നെയ്യപ്പത്തിന്റെ മണമടിച്ചി കൊതിച്ചിപ്പൂച്ചയുടെ വായിൽ വെള്ളമൂറി.അവൾ പതുങ്ങി പതുങ്ങി മുത്തശ്ശിയുടെ അടുക്കളേലെത്തി.കൊതിച്ചി പൂച്ചേടെ വരവുകണ്ട് മുത്തശ്ശിക്ക് കഷ്ടം തോന്നി."അയ്യോ കഷ്ടം" മുത്തശ്ശി മൂക്കിൽ വിരൽ വച്ചു.എന്നിട്ട് ഒരു നെയ്യപ്പമെടുത്ത് കൊതിച്ചിക്കു കൊടുത്തു ബാക്കി നെയ്യപ്പമെല്ലാം ചൂടാറാതെ ഒരു പാത്രത്തിലാക്കി പെട്ടിയിൽ വച്ചു പൂട്ടി.മുത്തശ്ശി കൊടുത്ത നെയ്യപ്പം കൊതിച്ചി തിന്നൂട്ടോ.തിന്നൂന്ന് പറയണേക്കാൾ വിഴുങ്ങി എന്ന് പറയണതാണ് ശരി.എന്നിട്ടെന്താ അവളുടെ കൊതി മാറിയതേയില്ല.അവളുടെ വായിൽ നിന്ന് വെള്ളം പുറത്തേക്കൊഴുകി."ശ്ശോ....മുത്തശ്ശി പെട്ടി പൂട്ടി കളഞ്ഞില്ലേ...!".കുറേ നാൾ കഴിഞ്ഞൂട്ടോ.മുത്തശ്ശി അന്നു നല്ല സ്വാദുള്ള നെയ്യപ്പം ചുട്ടു.നെയ്യപ്പത്തിന്റെ മണമടിച്ച് കൊതിച്ചിപ്പൂച്ചയുടെ വായിൽ വെള്ളമൂറി.

* * *

സഫ്ന

# "മൊബൈൽ" കാർന്നു തിന്ന ജീവിതം



'ണിം ണിം'

നിവ്യ ജനലിലൂടെ പുറത്തേക്ക് നോക്കി.

"അമ്മുവാണ്"

അവൾ തന്നോടെന്നപോലെ പറഞ്ഞു.മടിച്ചു മടിച്ചു അവൾ പുറത്തേക്ക് പോയി.

"കളിക്കാൻ ഇല്ലേ?, നീ വേഗം വാ" -അമ്മു പറഞ്ഞു

നിവ്യക്കതിലൊന്നും അത്ര ഉത്സാഹം പോരായിരുന്നു

"ഞാനിന്നില്ല, എന്നോട് വയ്യ, നീ പോയി കളിക്ക്"

പിന്നെയും മേശയിൽ വെച്ചിരുന്ന മൊബൈൽ ഫോണെടുത്ത് ടിക് ടോകിൽ കയറി.അതിൽ കമന്റടിച്ചും ലൈക് ചെയ്തും സമയം ചിലവഴിക്കാനവൾ കൂടുതൽ താൽപര്യപ്പെട്ടത്.

8 മണിക്ക് വീട്ടിലെത്തിയ അമ്മ അവളുടെ ഫോൺ തട്ടിപ്പറിച്ചു വാങ്ങി

"മോം, എന്താണിത്, ഞാൻ എന്റെ ഫ്രണ്ട്സിനോട് ചാറ്റ് ചെയ്യായിരുന്നില്ലേ?"

" ഇന്നിനി മതി, പോയി പഠിക്ക്"

കൂടുതൽ അമ്മയോട് പോരിന് പുറപ്പെടുന്ന അവളെ ഒരു ആത്മചിന്ത പിന്നിലേക്ക് വലിച്ചു .അവൾ ഒന്നും കഴിക്കാതെ അന്ന് കിടന്നു,ഉറക്കം വന്നില്ല.പിന്നെയെപ്പൊഴോ രാത്രിയുടെ തൊട്ടിലിൽ അവൾ മയങ്ങി.

പരീക്ഷ റിസൾട്ട് കണ്ട് അമ്മ ആകെ ഭയന്നു.തന്റെ മകളുടെ ഭാവിയിൽ നൂറു പ്രതീക്ഷകളുമായാണ് അവർ ദിവസങ്ങൾ കഴിച്ചു കൂട്ടുന്നത്. അതിനെതിരെ നിൽക്കുന്നത് മൊബൈൽ ഫോൺ ആണെന്ന് മനസ്സിലാക്കിയ അവർ.പെട്ടെന്ന് അവളുടെ ഫോൺ എറിഞ്ഞു പൊട്ടിച്ചു.

തന്റെ മാറ്റത്തിൽ ഒരെത്തും പിടിയും കിട്ടാതെ ഒരു ഭ്രാന്തിയെപാപോലെ നീറുകയായിരുന്ന അവളിലേക്ക് ഇടിയൊച്ചയെപ്പോലെ നിലക്കാതെ മൊബൈലിന്റെ പൊട്ടൽ ശബ്ദം പ്രതിധ്വനിച്ചു.അവൾ അലറി............

* * *

മെന്റൽ ആശുപത്രിയിലെ റൂമിൽ മകൾക്ക് വേണ്ടി കണ്ണീരൊഴുക്കാനല്ലാതെ ആ അമ്മക്ക് പിന്നെ മറ്റൊന്നും ചെയ്യാനുണ്ടായിരുന്നില്ല

നസ്റിൻ ....9A

# രാമേശ്വരം മുതൽ ധനുഷ്ക്കോടി വരെ

തിരക്കില്ലാത്ത ട്രെയിനിൽ നിന്ന് പുറത്തേക്ക് നോക്കിയാൽ, നോക്കെത്താ ദൂരത്തോളം പരന്നുകിടക്കുന്ന ഇന്ത്യൻ മഹാസമുദ്രം.മങ്ങിയ നീല നിറത്തിലുള്ള തെളിനീരിൻെ പ്രതലത്തിലൂടെ നീണ്ടു പോകുന്ന റെയിൽ പാളം.ചലനമറ്റുകിടക്കുന്ന കടൽവെള്ളത്തിന് മുകളിലൂടെ ഒഴുകി വരുന്ന കപ്പലുകൾക്ക് മുറിച്ചുകടക്കാൻ ,പരസ്പരം കോർത്തു നിൽക്കുന്ന കൈകൾ വെടിഞ്ഞ് വഴിമാറിക്കൊടുക്കുന്ന റെയിൽ പാലത്തിന് മുകളിലൂടെയുള്ള യാത്ര വളരെ ആസ്വാദ്യകരമായിരുന്നു.ഏതാണ്ട് 1.5 കിമി നീണ്ടുകിടക്കുന്ന ആ കടൽ പാളത്തിന് മുകളിലൂടെയുള്ള മന്ദയാത്രക്ക് സമാപനമായപ്പോൾ കേരളത്തിന്റെ പ്രകൃതി തനിമയിൽ നിന്നും വളരെ വ്യത്യസ്തമായി ജീവിതത്തിന്റെ സുഖദുഃഖങ്ങൾ ഖനിഭവിച്ച നിഷ്കളങ്കരായ ഒരുകൂട്ടം ജനങ്ങൾ പാർക്കുന്ന ഒരിടത്തെത്തി.രാമേശ്വരം.ട്രെയിൻ യാത്ര അവിടെ അവസാനിക്കുന്നു. ആളുകൾ തിരക്കിട്ട് ഇറങ്ങുകയും ചെയ്യുന്നതിനിടയിലൂടെ ഞാനും എന്റെ കുടുംബവും പുറത്തിറങ്ങി. ഒരു ഓട്ടോ ഞങ്ങൾക്കായി കാത്ത് നിൽക്കുന്നുണ്ടായിരുന്നു.

രാമേശ്വരം ക്ഷേത്രം ലക്ഷ്യമാക്കി ഓട്ടോ നീങ്ങി . സ്ഥലമെത്തിയെന്നു പറഞ്ഞ് ഓട്ടോക്കാരൻ വണ്ടി നിർത്തി. അയാൾ ചൂണ്ടിക്കാണിച്ച പാതയിലൂടെ ഞങ്ങൾ നടന്നു . ധാരാളം ആളുകൾ തിരക്കിട്ടു നടക്കുന്ന പാത .പുണ്യതീർത്ഥത്തിൽ നിന്ന് കുളി കഴിഞ്ഞ് ഈറൻ വസ്ത്രങ്ങളുമായി നീങ്ങുന്നവർ . കുളിക്കാനായി പോകുന്നവർ . ക്ഷേത്ര സമീപത്തായി ധാരാളം കടകൾ, പൂജയ്ക്കാവശ്യമായ പൂക്കളും മറ്റും ഒരുക്കിവെച്ചിരിക്കുന്നു. കടകൾ കടന്ന് നടന്നപ്പോൾ നീലാകാശത്തിനടുത്ത് ഒരു സുവർണ്ണത്തിളക്കം. ◌ ധാന കവാടത്തിലൂടെ ഞങ്ങൾ അകത്തുകടന്നു.

ഒരേ രൂപത്തിലുള്ള കൊത്തുപണികൾ കൊണ്ട് അതിശയിപ്പിക്കുന്ന തൂണുകൾ, വിചാരിക്കുന്നതെല്ലാം വിരൽത്തുമ്പിൽ സാധ്യമാക്കുന്ന പുതു തലമുറയ്ക്ക് നേരം പോക്കായി തോന്നിച്ചേക്കാം . പലവർണ്ണങ്ങളിലുള്ള ചിത്രപ്പണികൾ മേൽക്കൂരയെ മനോഹരമാക്കുന്നു . 14 -ാം നൂറ്റാണ്ടിൽ ഇത്തരം ഒരു ക്ഷേത്രം പണികഴിപ്പിക്കാൻ എത്രമാത്രം പണിപ്പെട്ടിട്ടുണ്ടാവുമെന്ന് അത്ഭുതപ്പെട്ടു .കാലപ്പഴക്കം കൊണ്ട് ചില ഭാഗങ്ങളിൽ കേടുപാടുകൾ സംഭവിച്ചതും അറ്റകുറ്റപ്പണി നടത്തിയതും കാണാമായിരുന്നു . ശിവമൂർത്തിയാണ് ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ.

ക്ഷേത്രം മുഴുവൻ ചുറ്റി കണ്ട ശേഷം ഞങ്ങൾ വടക്കേ കവാടത്തിലൂടെ പുറത്തേക്ക് കടന്നു .അവിടെ ധാരാളം ടാക്സികൾ ഉണ്ടായിരുന്നു. കരാറനുസരിച്ച് പണം ഉറപ്പിച്ചു പോകുന്നവയും ആളൊന്നിന് 150 രൂപ വീതം കൊടുത്താൽ കൊണ്ടുപോകുന്നതും അക്കൂട്ടത്തിലുണ്ട് 1300 രൂപയ്ക്കു കരാർ ഉറപ്പിച്ചു ഒരു വണ്ടിയിൽ ഞങ്ങൾ കയറി രാമേശ്വരത്തെ പ്രധാനപ്പെട്ട 13 കേന്ദ്രങ്ങളിൽ ഞങ്ങളെ കൊണ്ടുപോയി തിരിച്ചെത്തിക്കും. രാമലക്ഷ്മണന്മാരുടെ ക്ഷേത്രങ്ങളും ഹനുമാൻ കോവിലും ഇവയിൽ പെടും .എല്ലാം ദർശിച്ചശേഷം ഞങ്ങൾ അടുത്ത ലക്ഷ്യസ്ഥാനത്തേക്ക് നീങ്ങി .നീണ്ടുകിടക്കുന്ന കടൽത്തീരത്തേക്ക് ആണ് ഞങ്ങൾ പോകുന്നത് എന്ന് റോഡ് സൈഡിൽ കാണുന്ന മണൽത്തരികൾ ബോധ്യപ്പെടുത്തി .കുറേദൂരം ചെന്നപ്പോഴാണ് റോഡിന് ഇരുഭാഗങ്ങളിലായി കാണുന്നത് കടലാണെന്ന് മനസ്സിലായത്. ഡ്രൈവർ പ്രദേശത്തിൻറെ കഥകൾ ഓരോന്നായി പറയാൻ തുടങ്ങി

അറുപത്തിനാലിൽ ഉണ്ടായ കൊടുങ്കാറ്റിൽ ബഹുഭൂരിപക്ഷവും തകർന്ന ആൾത്താമസമില്ലാത്ത പ്രേതനഗരം എന്ന് വിളിക്കപ്പെടുന്ന ധനുഷ്കോടി .ഇന്ത്യൻ മഹാസമുദ്രവും ബംഗാൾ ഉൾക്കടലും സമാന്തരമായി കിടക്കുന്നു. ശക്തമായ വേലിയേറ്റങ്ങൾ വരുമ്പോൾ രണ്ടുപേരും പരസ്പരം ചേരുന്നു. അങ്ങനെ ചേരാതിരിക്കാൻ കൃത്രിമമായി ഉണ്ടാക്കിയ മതിലുകളും, കല്ലുകളെ ചേർത്ത് കെട്ടിയിരിക്കുന്ന കമ്പി വലകളും കാണാം. അവയെയൊക്കെ തകർത്തെറിഞ്ഞ രണ്ട് കടലും ഒന്നായതിന്റെ അടയാളമായി റോഡിനിരുവശത്തും മണൽക്കൂനകൾ കാണാം. നീണ്ടുപോകുന്ന റോഡ് പത്തൊമ്പത് കിലോമീറ്ററോളം നീണ്ടുകിടക്കുന്നു.റോഡിന്റെ അവസാനംവണ്ടി നിർത്തി ഞങ്ങളെല്ലാം ഇറങ്ങി. നോക്കെത്താദൂരത്തോളം പരന്നുകിടക്കുന്ന സമുദ്രം. വലതുഭാഗം ഇന്ത്യൻ മഹാസമുദ്രവും ഇടതുഭാഗം ബംഗാൾ ഉൾക്കടലും. ഇന്ത്യൻ മഹാസമുദ്ര കരയിൽ ഇറങ്ങി ഇത്തിരിനേരം തിരകളിൽ തട്ടിക്കളിച്ചു. രണ്ടു കടലും ഒന്നായി ചേർന്ന്കിടക്കുന്ന ഭാഗത്തേക്ക് പോകാൻ അനുമതി ഉണ്ടായിരുന്നില്ല. ആ വഴിയിലൂടെ 25 കിലോമീറ്ററോളം പോയാൽ ശ്രീലങ്കയിൽ എത്താമെന്ന് അവിടെ ഉണ്ടായിരുന്ന സെക്യൂരിറ്റി പോലീസ് പറഞ്ഞു .അതൊരു രസകരമായ അറിവായിരുന്നു. ഇടതുഭാഗത്തുള്ള ബംഗാൾ ഉൾക്കടൽ ശാന്തം. എങ്കിലും അപകടം നിറഞ്ഞതാണെന്ന് സെക്യൂരിറ്റി പറഞ്ഞു .ധാരാളം ആളുകളെ പിടിച്ചു താഴ്ത്തിയിട്ടുണ്ട് ഈ കടൽ. ഓരോ ആഴ്ചയിലും മുന്നറിയിപ്പുകളെ വകവയ്ക്കാതെ ആളുകൾ കടലിൻറെ ശാന്തതയിൽ വഞ്ചിതരായി വെള്ളത്തിലേക്കിറങ്ങി. അകന്നു പോകുന്തോറും ചെരിഞ്ഞ് ചെരിഞ്ഞ് ഉള്ളിലേക്ക് പോകുന്ന കടലിലേക്ക് ആളുകൾ ഊളിയിട്ടിറങ്ങി പോകും. ചിലപ്പോൾ തിരിച്ചു വരും. ജീവൻ ഇല്ലാതെ .ചിലപ്പോൾ കാണാൻ പോലും കിട്ടില്ല. ഈ വിവരം ഞങ്ങളെല്ലാം സങ്കടത്തോടെ കേട്ടുനിന്നു .അപ്പോഴും ഒരു അമ്മയും കുഞ്ഞും കടലിലിറങ്ങി കളിക്കുന്നുണ്ടായിരുന്നു .പോലീസ് അമ്മയെ വഴക്കുപറഞ്ഞു കരക്ക് കയറ്റി. ഞങ്ങൾ മണൽപ്പരപ്പിൽ നിന്നും തിരിച്ചു കയറി. എല്ലാവരും ഉപ്പിലിട്ട പൈനാപ്പിൾ കഷ്ണവും

മാങ്ങയും വാങ്ങി നുണഞ്ഞു വീണ്ടും വണ്ടിയിലേക്ക്. പിന്നിട്ട വഴികൾ ഒക്കെയും വീണ്ടും താണ്ടി ഞങ്ങൾ തിരിച്ചു. പ്രേത നഗരമായി മാറ്റിയ , കൊടുങ്കാറ്റ് എടുത്ത സ്കൂളിന്റെയും പള്ളിയുടെയും റെയിൽവേ സ്റ്റേഷന്റെയും കെട്ടിടാവശിഷ്ടങ്ങൾ മനസ്സിൽ നൊമ്പരമായി അടയാളപ്പെടുത്തി. കൊച്ചുകൊച്ചു കുടിലുകളിൽ അരവയർ നിറക്കാൻ അധ്വാനിക്കുന്ന മുക്കുവർ. വീണ്ടും കാണാം,....... കാണുമെന്ന് മനസ്സിൽ കുറിച്ചിട്ടു.......

ഹസീന.എം
മലയാളം അധ്യാപിക
(ജി.എച്ച്.എസ് ചെറുവാടി)

## ലിനുവിന്റെ കള്ളം

ഒരു കൊച്ചു വീട്ടിൽ ഒരു പെൺകുട്ടി താമസിച്ചിരുന്നു.അവളുടെ അച്ഛന്റെ പേര് മാധവൻ എന്നാണ്.അയാൾ ഒരു തെങ്ങ് കയറ്റക്കാരനാണ്.തെങ്ങ് കയറി കിട്ടുന്ന പണം കൊണ്ടാണവൾ ജീവിതം മുന്നോട്ട് നയിക്കുന്നത്.രാവിലെ ലിനു സ്കൂളിലേക്കും മാധവൻ തന്റെ ജോലിക്കും പോകും.ക്ലാസിൽ പാവപ്പെട്ട കുട്ടി അവൾ ആണെങ്കിലും അതിന്റെ വിഷമം ഇതുവരെ അവൾ അറിഞ്ഞിട്ടില്ല.അതിനാൽ തന്നെ ക്ലാസിൽ പണക്കാരോടൊപ്പമായിരുന്നു അവൾ ഇരുന്നത്.

അങ്ങനെ ഒരു ദിവസം ലിനു അവളുടെ കൊച്ചു വീടിന്റെ മുമ്പിൽ ഇരുന്ന് പുസ്തകം വായിച്ചിരിക്കുകയായിരുന്നു.അപ്പോൾ അവളുടെ കൂട്ടുകാരി അമ്മു അതുവഴി വന്നു.ലിനുവിനെ കണ്ടപ്പോൾ അമ്മു ചോദിച്ചു

"ലിനൂ,ഇത് നിന്റെ വീടാണോ?".

"അല്ല,എന്റെ വീട് കുറച്ചകലെയാ.ഇത് ഞങ്ങളുടെ മറ്റൊരു വീടാണ്.ഞാൻ ഇങ്ങോട്ടേക്ക് പഠിക്കാൻ വന്നതാണ്".

"അപ്പോൾ അതാരാണ്"-അമ്മു ലിനുവിന്റെ അച്ഛന്റെ നേരെ ചൂണ്ടിക്കൊണ്ട് ചോദിച്ചു.

അത് വേലക്കാരനാണെന്ന ലിനുവിന്റെ മറുപടി കേട്ട് ആ അച്ഛന്റെ മനസ്സൊന്ന് നടുങ്ങി.പക്ഷേ അയാളൊന്നും പറഞ്ഞില്ല.

"നീ നിന്റെ വീട്ടിലേക്ക് പോകുന്നില്ലേ?,പോകുന്ന വഴി നീ നിന്റെ

വീട്ടും കാണിച്ചുതാ..".
ലിനു അവിടെയുള്ള ഒരു വലിയ വീട് കാണിച്ചുകൊടുക്കാമെന്ന് കരുതി അവൾ അമ്മുവിനോടൊപ്പം നടന്നു.ഒരു വലിയ വീടിന്റെ മുമ്പിൽ എത്തിയപ്പോൾ ലിനു പറഞ്ഞു

"ഇതാണെന്റെ വീട്"

"ഞാനകത്തേക്ക് വന്നോട്ടേ"

അമ്മുവിന്റെ ചോദ്യം കേട്ട് ലിനു പേടിച്ചു.ചില മുടന്തൻ ന്യായങ്ങൾ പറഞ്ഞു അവൾ അതിൽ നിന്ന് ഒഴിവായി.എന്നാൽ അതൊന്നും വിശ്വാസയോഗ്യമല്ല എന്ന് ലിനുവിന് തന്നെ അറിയാമായിരുന്നു. അതുകൊണ്ട് അവൾ അവസാനം സത്യം പറഞ്ഞു.
ഒരു കള്ളം പറഞ്ഞാൽ നൂറു കള്ളം പറയേണ്ടിവരും എന്ന സത്യം അവൾ തിരിച്ചറിഞ്ഞു.

-നഹ്റിൻ കെ. കെ
9-A



പ്രകൃതിയുടെ അത്യപൂർവമായ കാഴ്ച..........

# വിദ്യാലയം



വിദ്യാലയം വിദ്യാലയം എന്റെ പൊന്നു വിദ്യാലയം
വിദ്യപകരും ആലയം എൻ വിദ്യാലയം
കണ്ണീരോടെ വന്നു ഞാൻ വിദ്യാലയ-
മുറ്റത്തെങ്കിലും കണ്ണീർ തുടച്ചു-
കൺ തുറപ്പിച്ചതെൻ വിദ്യാലയം

-ലബീബ. എം. സി

## സഹൃദ തണലിൽ

സന്തോഷം പങ്ക് വയ്ക്കാൻ,ദുഖഃങ്ങൾ കൈകോർക്കാൻ,വേദനയിൽ നിന്ന് അശ്വസമാകാൻ, ഒരിക്കലും പിരിയാത്ത ബന്ധത്തിന് ആരോ വിളിച്ച സൗഹൃദം.

ഒരുപാട് ഒരുപാട് സത്യം നിറഞ്ഞ വാക്കാണ് സൗഹൃദം. ഈ കലാലയ പടികൾ കയറിവന്നപ്പോൾ മനസ്സിൽ നിറയെ പേടിയും സംശയവും അയിരുന്നു.പഴയത് പോലെ ഇവിടെ നല്ല കൂട്ടുക്കാരെ കിട്ടുമോ? പഠനം അത് വളരെ പ്രയാസമാകുമോ? അങ്ങനെ പല ചോദ്യങ്ങളും മനസ്സിന്റ കോണിൽ നിറഞ്ഞു.പക്ഷേ,പ്രതീക്ഷകൾ സ്വപ്ന്മായി നിറഞ്ഞു വിചാരിച്ചതിലും നേരത്തേ എല്ലവരുമായി പരിചയമായി.നല്ല വിദ്യാലയം. ഒരുപാട് കാര്യങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കിത്തരുന്ന അധ്യാപകർ. ഒരുപാട് സ്നേഹിക്കുന്ന മനസ്സിലാക്കുന്ന നല്ല നല്ല കൂട്ടുകാർ.ഒൻപതാം ക്ലാസ് എന്നചില്ലയിൽ നിന്ന് എത്ര പെട്ടെന്നാണ് ഇലകൾ പൊഴിയുന്നത് . ഈ ദിവസങ്ങൾക്കുള്ളിൽ അത്മാർഥമായി സ്നേഹിക്കുന്ന ഒരുപാട് സുഹ്രത്തുക്കളെ എനിക്കു കിട്ടി.

ഒരുപാട് കാര്യങ്ങൾ പരസ്പ്പരം പങ്കുവയ്ക്കുമ്പോൾ മനസ്സിൽ വെറുതെയെങ്കിലും വിചാരിച്ചിട്ടുണ്ട് ഈ കലാലയ ജീവീതം ഒരിക്കലും അവാസാനിക്കാതിരുന്നെങ്കിൽ എന്ന് .ഈ നല്ല സുഹ്രത്ത് ബന്ധങ്ങളിൽ നിന്നും ഞങ്ങൾ നല്ല പാഠങ്ങൾ മനസ്സിലാക്കി.പവിത്രമായ ബന്ധമാണ് സൗഹ്രദം.പ്രണയത്തിനേക്കാൾ വിലപ്പെട്ടതും ഉത്തമവുമാണ് സൗഹ്രദം തന്നെ. ഇനിയുണ്ടാവില്ല ഇതുപ്പോലെ രസകരമായ നാളുക്കൾ . ഈ വിദ്യാലയത്തിന്റെ നാലു ചുമരുകൾക്കിടയിൽ നിന്ന് പഠിക്കാനും കളിക്കാനും കൊച്ചു കൊച്ചു കുസൃതികൾ കാണിക്കാനും ഇനിയൊരവസരം ഉണ്ടാവില്ല.എന്നാലും ജീവിതത്തിന്റെ മറക്കാനാവാത്ത ഒരു നല്ല ഓർമയായി ഈ വിദ്യാലയത്തിലെ നല്ല അധ്യാപകരും പ്രിയപ്പെട്ട കൂട്ടുകാരും ഉണ്ടാവും.

വിദ്യാലയ ജീവിതം കഴിഞ്ഞാൽ പലരും പല വഴിക്ക് പിരിയും. ചിലരെ ഇനി കണ്ടില്ലെന്ന് വരും.എന്നാലും എല്ലാവർക്കും നന്മയുടെ ഭാവി നേരുന്നു. ചിരിമാറാത്ത ഈ വർണപ്പകിട്ടാർന്ന ഓർമ്മകളുടെ വിദ്യാലയ

വരാന്തകളിലൂടെ  ഒരുമിച്ച് പാറി പറക്കാൻ,വെറും ദേശാടനപക്ഷികളായി ട്ടല്ല, മറിച്ച് സമാധാനത്തിന്റെ പുഞ്ചിരിപ്പൊടിക്കുന്ന വെള്ളരി പ്രാവുകളായ്....

- ഹൈറുന്നീസ എം.പി

## സൂസമ്മയ്ക്ക് പറ്റിയ അമളി

സൂസമ്മ എന്ന ആട്ടിൻകുട്ടി ഒരു ദിവസം ചിന്നുവിന്റേയും പപ്പിയുടെയും പൂച്ചയുടെയും കൂടെ കള്ളനും പോലീസും കളിക്കുകയായിരുന്നു. പൂച്ചയായിരുന്നു പോലീസ്. പൂച്ചപ്പോലീസ് പിടിക്കാതിരിക്കാൻ എല്ലാവരും ഓരോ വഴിക്ക് ഓടി. ചിന്നു കുറ്റിച്ചെടികൾക്കിടയിൽ ഒളിച്ചു. പപ്പി ചാടിക്കയറി കഥയമ്മയുടെ അരികിൽ ചേർന്നു കിടന്നു. ഉറങ്ങുകയായിരുന്ന കഥയമ്മ ഇതറിഞ്ഞതു പോലുമില്ല. സൂസമ്മ പരിഭ്രമത്തിൽ ഓടിയോടി ഒരു പുഴ വക്കത്തെത്തി. എവിടെ ഒളിക്കും?. അപ്പോഴാണ് ഒരു കുറുക്കനും ചെന്നായയും പല്ലിളിച്ചു കൊണ്ട് അവളുടെ നേർക്ക് വരുന്നതു കണ്ടത്. സൂസമ്മ ഒറ്റയോട്ടം. ചെന്നായയും കുറുക്കനും പിന്നാലെ ഓടി. സൂസമ്മേ... പുന്നാര മോളേ... നിന്റെ സുഹൃത്തായ ഞാൻ നീലാണ്ടനാണ്. എന്റെ കൂടെയുള്ളത് മഹാ പണ്ഡിതനായ പണ്ഡിറ്റ് ചെന്നായ്ജിയാണ്. ജംഗിൾ ബുക്ക് എന്ന സിനിമയെപ്പറ്റി കേട്ടിട്ടില്ലേ? അതിലെ സ്ക്രിപ്റ്റ്, നായകവേഷം എല്ലാം ചെന്നായ്ജിയാണ് ചെയ്തത്. മോളേ സൂസമ്മേ! സൂസമ്മ ഒന്നു തിരിഞ്ഞു നോക്കി. ചെന്നായ്ജിയുടെ കണ്ണിലെ കൊതി കണ്ട് സൂസമ്മയുടെ എല്ലാ സംശയവും തീർന്നു. അവൾ ഒറ്റയോട്ടത്തിന് ആദ്യം കണ്ട പള്ളിയിലേക്ക് കയറി. അവിടെ കുർബാന നടക്കുകയായിരുന്നു. വികാരിയച്ചൻ സൂസമ്മയെ നെഞ്ചോടു ചേർത്തു പിടിച്ചു. പള്ളിമുറ്റത്തു നിന്ന് നീലാണ്ടൻ ഉറക്കെ വിളിച്ചു പറഞ്ഞു. ഇറങ്ങിവാ പുന്നാര സൂസമ്മേ, പള്ളിയിൽ ബലി കൊടുക്കുമേ, പറഞ്ഞില്ലാന്നു വേണ്ട. ചെന്നായ കൊല്ലുന്നതിലും ഭേദം ബലിയാടാവുന്നതാണ്. സൂസമ്മ വിളിച്ചു പറഞ്ഞു. ചെന്നായ്ജിക്കു ദേഷ്യം വന്നു. ഒരാട്ടിൻകുട്ടിയെപ്പോലും പാട്ടിലാക്കാൻ കഴിവില്ലാത്ത പമ്പര വിഡ്ഢി കുറുക്കൻ, എന്തിനു കൊള്ളാം!. ദേഷ്യം തീർക്കാൻ ചെന്നായിജി നീലാണ്ടൻ കുറുക്കന്റെ ചെവിയിൽ ഒരു കടി വെച്ചു കൊടുത്തു. നിലവിളിച്ചു കൊണ്ട് നീലാണ്ടൻ കുറുക്കൻ ഓടെടാ ഓട്ടം.

റസൂൽ മുഹമ്മദ്

## എന്റെ ഓർമ്മയിൽ

ഞാൻ ഓർക്കുന്ന ബാല്യം
എന്റെ ബാല്യം ഇനിയും
ഉണ്ടാകുമോ ഈ ബാല്യം
മീൻ പിടിച്ചതും കല്ല് കളിച്ചതും
മണ്ണ് വരികളിച്ചതും
ഓർമ്മ മാത്രം
വിഷുക്കണി ഒരുക്കിയതും
പൂക്കളം ഒരുക്കിയതും
ഓർമ്മ മാത്രം
വികൃതി കാണിച്ച്
അമ്മയെ കാണാതെ
ഒളിച്ചിരുന്നതും ഓർമ്മ മാത്രം
ഈ കൊച്ചു ബാല്യമാണ് എന്റെ ബാല്യം.

_**പ്രിയ പി**, M/o വൈശാഖ് ,
Std.8A

# എന്റെ ഗ്രാമം

എന്തു സുന്ദരമെന്റെ ഗ്രാമം
കുന്നിൻചെരുവിലെ കൊച്ചുഗ്രാമം
പച്ചിലക്കാടുകൾ പാട്ടുപാടും
കൊച്ചു നാടാകുന്ന എന്റെ ഗ്രാമം
അലതല്ലും കാട്ടാറും ചാഞ്ചാടും നെൽവയലും
ഒരുമിക്കുന്നതാണെന്റെ ഗ്രാമം
എത്ര മനോഹരമെന്റെ ഗ്രാമം
കുന്നിൻ ചെറുവിലെ കൊച്ചുഗ്രാമം .

_**ബിന്ദു കെ ടി,** M/o അനന്ദു കെ ടി
Std.8A

# ചാലിയാറിന്റെ രോദനം

ചാലിയാർ പുഴയുടെ തീരത്ത് ഒരു ചെറിയ വീട് ഉണ്ടായിരുന്നു . ആ കുടിലിൽ രാമുവും അച്ഛനും മാത്രമെ ഉണ്ടായിരുന്നുള്ളു .മദ്യപാനിയായ അച്ഛന്റെ പെരുമാറ്റം അവനെ വല്ലാതെ വേദനിപ്പിച്ചിരുന്നു . അവന്റെ വിഷമങ്ങളെല്ലാം അവൻ  ചാലിയാറിലെ കുഞ്ഞോളങ്ങളോട് പറയുമായിരുന്നു .അവന്റെ കൂട്ടുകാരിയായിരുന്നു ചാലിയാർ . ആ ശുദ്ധമായ തണുത്ത വെള്ളത്തിൽ മുങ്ങി കയറുമ്പോൾ അവൻ എല്ലാ ദുഃഖങ്ങളും മറക്കുമായിരുന്നു .

അങ്ങിനെയിരിക്കെ ഒരുപാട് വർഷങ്ങൾക്കുശേഷം വിദേശത്ത് ജോലികഴിഞ്ഞ് അവധിക്ക് നാട്ടിലെത്തിയ അവൻ സന്തോഷത്തോടെ തന്റെ കൂട്ടുകാരിയായ ചാലിയാർ പുഴയെ കാണാൻ ഓടി . പക്ഷെ ആ കാഴ്ച കണ്ട് അവൻ ഞെട്ടിപ്പോയി . എന്റെ കൂട്ടുകാരി ആകെ മാറിപോയിരിക്കുന്നു . അവളെ ഒരു രോഗിയെപോലെ തോന്നിക്കുന്നു . ഇവരെല്ലാം എന്താണ് ചെയ്തിരിക്കുന്നത്. ആ മണൽപരപ്പെവിടെ ! അവളുടെ ഓരത്ത് മണൽ ലോറികളുടെ നീണ്ട നിര !അവൾ ഇന്ന് ദുഃഖത്തോടെ കണ്ണീരൊഴുക്കുകയാണ് . അതുകണ്ട് അവൻ കഴിഞ്ഞ കാലം ഓർത്തു. കുറച്ചു സമയത്തിനുശേഷം അവൻ ചിന്തയിൽ നിന്നും ഉണർന്നു. അവൻ അവളോട് ചോദിച്ചു ."നിനക്കെന്താണ് പറ്റിയത് .ആരാണ് ഈ വിധം ദ്രോഹിച്ചത് .........നിന്റെ അവസ്ഥ എനിക്ക് കണ്ടുനിൽക്കാൻ പറ്റുന്നില്ല."കണ്ണീരോടെ അവൻ പറഞ്ഞു."കൂട്ടുകാരാ... ഞാൻ ഓരോ നിമിഷവും മരിച്ചുകൊണ്ടിരിക്കയാണ്.ആശുപത്രിയിലെ മാലിന്യങ്ങളും അവശിഷ്ടങ്ങളും പ്ലാസ്റ്റിക് കവറുകളും ഇറച്ചിക്കടയിലെ അവശിഷ്ടങ്ങളും എന്നിലേക്കാണ് എല്ലാവരും വലിച്ചെറിയുന്നത്. എന്നിലേക്ക് തോട്ട പൊട്ടിച്ചെറിഞ്ഞ് മീൻ പിടിക്കുന്നു. ഈ മാലിന ജലത്തിൽ ചെറിയ കുട്ടികൾ ചാടി കളിക്കുന്നു. അതുപോലെ ഞാൻ കാത്തുസൂക്ഷിച്ച എന്റെ മണൽ ആവരണം ക്രൂരൻമാർ അപഹരിച്ചു കൊണ്ടുപോകുന്നു. ഈ മണൽ കുഴിയിൽ വീണാണ് എന്റെ ജീവൻ പൊലിഞ്ഞുകൊണ്ടിരിക്കുന്നത്.മണൽ പോയി ചെളികുഴിയായിരിക്കുന്നു. നീ കാണുന്നില്ലേ ....നീ വന്നിരിക്കാറുള്ള മണൽപ്പരപ്പിൽ ഇപ്പോൾ പുല്ല് നിറഞ്ഞിരിക്കുന്നു. എന്റെ വേദന ആരറിയാൻ.......വരും തലമുറയെ കുറിച്ച് ആര് ചിന്തിക്കുന്നു. ഈ പോക്ക് എവിടെച്ചെന്ന് അവസാനിക്കും”. അവൻ അവളെ സമാധാനിപ്പിക്കാൻ ഒരുപാട് പാടുപെട്ടു.

ഇതിന്റെയെല്ലാം ഉത്തരവാദികൾ നമ്മൾ തന്നെയാണ്. ചാലിയാറിന്റെ ഈ വേദന ചാലിയാറിന്റെ മാത്രം വേദനയല്ല .ഈ കരച്ചിലും ചാലിയാറിന്റേത് മാത്രമല്ല.ഈ കരച്ചിൽ നമ്മൾ ഓരോരുത്തന്റെയും കരച്ചിൽ ആവാതിരിക്കട്ടെ..............

_ ജുവൈരിയ,M/o ലുബാബ 5B
**GHSS ചെറുവാടി.**

# ഒന്നുമല്ലാത്ത ജീവിതം

സ്കൂളിൽ പോകാനുള്ള തിരക്കിലായിരുന്നു. കാളിങ് ബെല്ലടിക്കുന്ന ശബ്ദം കേട്ട് വാതിൽ തുറന്നു നോക്കി വരാന്തയിൽ വന്നപ്പോൾ ദൈന്യതയുടെ മുഖവുമായി ഒരു വൃദ്ധൻ.മുഷിഞ്ഞ വേഷം. സംസാരിക്കുമ്പോൾ ഇടർച്ച .എന്തെങ്കിലും തരണേ...........ഒരുവിധം അയാൾ പറഞ്ഞൊപ്പിച്ചു. ഉമ്മ തന്ന നാണയത്തുട്ട് അയാളുടെ ഭിക്ഷാപാത്രത്തിലേക്ക് ഇട്ടുകൊടുത്തപ്പോൾ ആ കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു.നന്ദിപൂർവം എന്നെ നോക്കി ചിരിച്ച് അയാൾ നടന്നകന്നു.

പിറ്റേന്ന് രാവിലെ ബസ്സ്റ്റോപ്പിൽ ചെറിയൊരാൾക്കൂട്ടം.പോലീസുകാരൻ ഒരു പഴയ ഭാണ്ഡകെട്ട് പരിശോധിക്കുന്നു. അതിനുള്ളിലെ മുഷിഞ്ഞ കെട്ടുകൾ കെട്ടിലെ തുട്ടുകൾ എണ്ണിത്തിട്ടപ്പെടുത്തുന്നു.തൊട്ടടുത്തുകിടക്കുന്ന മൃതശരീരത്തിലേക്ക് ഞാൻ സൂക്ഷിച്ചുനോക്കി.അത് അയാൾതന്നെ !!!

ഇന്നലെ നാണയത്തുട്ടുകൾക്കുവേണ്ടി എന്റെ വീട്ടിൽ വന്ന് കെഞ്ചിയ അതേ മനുഷ്യൻ . എന്തിനുവേണ്ടിയായിരുന്നു അയാൾ ആ തുട്ട് സൂക്ഷിച്ചുവെച്ചത് . ആംബുലൻസ് വന്ന് അയാളുടെ മൃതശരീരം കൊണ്ടുപോകുമ്പോൾ ഞാൻ ചിന്തിക്കുകയായിരുന്നു.

_ **ഫാത്തിമ സി,** M/o റുഷ്ദ ഷെരീഫ്
**Std.6C**

## കണ്ണായിരുന്ന അമ്മ

കണ്ണായിരുന്ന അമ്മ പിന്നീട്
കണ്ണിലെ കരടായി മാറി
മുലപ്പാലിന്റെയും മാറിലെ ചൂടിന്റേയും
ലാളനയുടേയും കടം വീട്ടിയങ്ങയച്ച
വൃദ്ധസദനമെന്ന പുരാവസ്തുകേന്ദ്രത്തിലേക്ക്
കണ്ണും പിന്നീട് കണ്ണിലെ കരടുമായമ്മയുടെ
കണ്ണിലേക്ക് മരണമരിച്ചുകേറുമ്പോഴുമാ
പുരാവസ്തുവിന്റെ കണ്ണുകൾ തേടുന്നു
മനുഷ്യത്വമില്ലാത്ത പൊന്നോമനകളെ........

**_ഷഹർബാൻ ടി.പി,**
Std.8D

## നോക്കുകുത്തികൾ

കാണണമീ ലോകത്തെ
കൺ നനക്കും കാഴ്ചകൾ
കാണാൻ പറഞ്ഞ കണ്ണിന്റെ
കാഴ്ച മങ്ങും നാൾ മുമ്പേ
ഇതിവിടം അവസാനിക്കുകയാണ്
എന്നാൽ കാലം അതിന്റെ ഗതി
അതവസാനിക്കാതെ ഇനിയും
മുന്നോട്ടു നീങ്ങും അവിടം.....
കാണാൻ കാഴ്ചകളിനിയുമേറെ
അനുഭവങ്ങൾ അതിലുമേറെ
ഇതൊരു തുടക്കം അത്രമാത്രം
ഈ കവാടം അടയുമ്പോൾ
മറ്റൊന്ന് തുറക്കും
അതങ്ങനെ ആവർത്തിച്ചുകൊണ്ടിരിക്കും
പല തുരുത്തുകളിൽ നാം അണയും
അപ്പോഴും നാം ഇന്നത്തെപ്പോൾ
വെറും നോക്കുകുത്തികൾ മാത്രം .

– ഷഹന

# യാത്രാമൊഴി

വിതുമ്പുന്ന നൊമ്പരം കൊഴിയുന്ന ഓർമ്മകൾ
നിറയുന്ന മിഴികൾ ഇടറുന്ന കണ്ഠം
അറിയാതെ വേച്ചുപോം കാലടിപ്പാടുകൾ
പിൻതുടരാനാവാത്ത വീഥികൾ

വ്യർത്ഥതക്കുള്ളിലെ യർത്ഥങ്ങൾ തേടി
നിരർത്ഥകമാക്കിയ രാപകലുകൾ
മോഹമാം ക്ഷേത്ര സോപാനങ്ങളിൽ
വെറുതെ നേദിച്ചൊരെൻ മധുരകിനാവുകൾ
മിഥ്യതന്നഗാഥ ഗർത്തങ്ങളിൽ ഞാൻ
വെറുതെ ഹോമിച്ചൊരാ സാന്ദ്രമാം ഗാനങ്ങൾ
കാലമാം യാഥാർഥ്യത്തിൻ ശക്തമാം കരങ്ങളിൽ
ഭസ്മമായ് മാറിയ മുഗ്ധസങ്കല്പങ്ങൾ

ശൂന്യതയിലേക്കാണീ കാൽവെപ്പെന്നറിഞ്ഞിട്ടും
ആകുലപ്പെട്ടീലാ നിർവീര്യമെൻ മനം
ചെഞ്ചായമല്ല കൈയിൽ പുരണ്ടത്
പൊള്ളും നിണമാണെന്നറിഞ്ഞിട്ടും
നിർവിശങ്കം നിശ്ചേഷ്ടയായ് നിന്നു ഞാൻ
തീക്കനലാണതു മിന്നും രത്നമല്ലെന്നറിഞ്ഞിട്ടും
കൈനീട്ടിയെടുത്തു ഞാൻ പൊള്ളലേൽക്കാതെ

ഒന്നുമിനി കാണേണ്ടെനിക്ക്
എൻ കണ്ണുകൾ അന്ധമായീടുന്നു
കേൾക്കുവാനില്ലെനിക്കൊന്നുമിനി
എൻ കാതുകൾ ബധിരമായീടുന്നു
മരണത്തിൻ മാറിലെയിടവിട്ടയിടവിട്ട
ഹൃദയമിടിപ്പുകൾ മാത്രം മുഴങ്ങിക്കേട്ടീടുന്നു
പോകട്ടെയിനി ഞാൻ സമയമായ്

വാടിക്കരിഞ്ഞൊരീ മോഹപുഷ്പങ്ങളും
ഇത്തിരിക്കണ്ണീരും നിനക്കായി നൽകുന്നു
യത്രാമൊഴിയോതി മയങ്ങട്ടെ
ഞാനിനി മരണത്തിൻ മാറിൽ .


-ജയലക്ഷ്മി പി, അധ്യാപിക


## ഗണിതത്തിലെ “Symetry” എന്ന മഹാൽഭുതം

പ്രകൃതിയിൽ മനുഷ്യനൾപ്പെടെ എല്ലാ ജീവജാലങ്ങളേയും ജീവനില്ലാത്ത വസ്തുക്കളേയും മനോഹരമാക്കുന്ന ഒരു മായാജാലമാണ് “Symetry”. മനുഷ്യന്റെ ഒരു കാലിന് വൈകല്യം സംഭവിച്ചാൽ , ഒരു കൈ നഷ്ടപ്പെട്ടാൽ , മനോഹരമായ ഒരു പുഷ്പത്തിന്റെ ഒരു ഭാഗത്തുനിന്നും ഒന്നൊ അതിൽ കൂടുതലൊ വിതളങ്ങൾ നഷ്ടപ്പെടുമ്പോഴുള്ള അവസ്ഥ .................. ഒന്നു ചിന്തിച്ചുനോക്കൂ .............

ഇതു ആ വസ്തുക്കളിൽ മധ്യഭാഗത്ത്കൂടി നാം വരക്കുന്ന സാങ്കൽപ്പിക വരയുടെ ഇരുവശങ്ങളിലുമുള്ള സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തുന്നു . അപ്പോൾ “Symetry”എന്ന ഗണിതാശയം മഹാത്ഭുതം തന്നെ !!!

## **Symetrical Figures**













# Asymetric Figure












_വാസുദേവൻ ഒട്ടുങ്ങാട്ട്, അധ്യാപകൻ
**GHSS ചെറുവാടി.**

# എന്റെ രാജ്യം




ഇരുണ്ടയാമങ്ങൾ വെളിച്ചത്തിലേക്ക്
വഴി മാറുമ്പോൾ
എന്തോ ഭാരത മണ്ണിലിന്ന്
രക്തക്കറകൾ

ഇത് ചാരന്റ ധമനിയല
അക്രമി തന്നടെ സിരയല്ല
ഇന്ത്യക്കാരന്റെ ചുടുചോരയാണ്
നോവു മനുഷ്യത്യത്തിന്റെ വിലാപമണ്

വെളുത്ത പാലിന്നവകാശി
ഇന്ന് മനിന്ദ്യനായി...
സമൃദ്ധി തന്ന കാലവു
ഇന്നിൽ മാഞ്ഞുപോയി
തീരാ അരാപകത്വം
ഭാരത മണ്ണിലമർന്നു പോയി

വേണം ഞങ്ങൾകിന്ന്
തിരിച്ചു പിടിക്കും നാമിന്ന്
ഭാരത മണ്ണിൻയശസ്സ്
അതിനായി ഞങ്ങളുയർത്തും
തേജസ്സിൻ ശിരസ്സ്

*ജസീല*

**9A**

# Love you mom.........

**She is my special angel
She genuinely send from the heaven
She is unconditionally sacrificed for me
She is one who gave me life
I can give nothing but love
She never stops smirking
She is very hard working
She kicks the ball like a man
So, I like to call her “sir”...
She is a women who feeds
Cuddles and love me.....
She do multi tasks and
Taught me how to live
She is a shining star
Who always find comfort in
Weather life is a shambles
If I lose or if win
My mom is the precious in this world**

**-Nubla.A
9-C**

# MAN MADE HAZARDS AND

# THEIR ENVIRONMENT IMPACT

Man-made hazards often have major negative impacts on the environment. Main streaming environmental aspects in all phases of disasters risk management;prevention,preparedness, response and recovery ,is of utmost importance to achieve sustainable and effective disaster risk management. The UN environment /O CHA joint unit 65 represents an example for how the coordinated collaboration between environmentalists ant humanitarians in the field of man-made hazard preparedness and response can ensure the consideration of environmental aspects throughout the disasters management cycle ,culminating in improved man made hazards preparedness as well as in the duty consideration of environmental aspects in hazard risk management.

By :Vismaya-p
9 C